അക്ഷര

ഡിജിറ്റൽ ത്രൈമാസിക

അക്ഷര പബ്ലിക് ലൈബ്രറി മുഖപത്രം

ലക്കം 03 മാർച്ച് 2021

വനിതാ ദിനം സ്പെഷ്യൽ പംക്തി



അക്ഷര പബ്ലിക് ലൈബ്രറി കണിച്ചുകുളം

റജിസ്റ്റർ നമ്പർ : 05CNY7613

വാർഷിക കലണ്ടർ 2021

JANUARY 2021

S	M	T	W	T	F	S
					1	2
3	4	5	6	7	8	9
10	11	12	13	14	15	16
17	18	19	20	21	22	23
24	25	26	27	28	29	30
31						

FEBRUARY 2021

S	M	T	W	T	F	S
	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28						

MARCH 2021

S	M	T	W	T	F	S
	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28	29	30	31			

APRIL 2021

S	M	T	W	T	F	S
				1	2	3
4	5	6	7	8	9	10
11	12	13	14	15	16	17
18	19	20	21	22	23	24
25	26	27	28	29	30	

MAY 2021

S	M	T	W	T	F	S
						1
2	3	4	5	6	7	8
9	10	11	12	13	14	15
16	17	18	19	20	21	22
23	24	25	26	27	28	29
30	31					

JUNE 2021

S	M	T	W	T	F	S
		1	2	3	4	5
6	7	8	9	10	11	12
13	14	15	16	17	18	19
20	21	22	23	24	25	26
27	28	29	30			

JULY 2021

S	M	T	W	T	F	S
				1	2	3
4	5	6	7	8	9	10
11	12	13	14	15	16	17
18	19	20	21	22	23	24
25	26	27	28	29	30	31

AUGUST 2021

S	M	T	W	T	F	S
1	2	3	4	5	6	7
8	9	10	11	12	13	14
15	16	17	18	19	20	21
22	23	24	25	26	27	28
29	30	31				

SEPTEMBER 2021

S	M	T	W	T	F	S
			1	2	3	4
5	6	7	8	9	10	11
12	13	14	15	16	17	18
19	20	21	22	23	24	25
26	27	28	29	30		

OCTOBER 2021

S	M	T	W	T	F	S
					1	2
3	4	5	6	7	8	9
10	11	12	13	14	15	16
17	18	19	20	21	22	23
24	25	26	27	28	29	30
31						

NOVEMBER 2021

S	M	T	W	T	F	S
	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28	29	30				

DECEMBER 2021

S	M	T	W	T	F	S
			1	2	3	4
5	6	7	8	9	10	11
12	13	14	15	16	17	18
19	20	21	22	23	24	25
26	27	28	29	30	31	



അക്ഷര

- **അക്ഷര പബ്ലിക് ലൈബ്രറി**
- **കണിച്ചുകുളം**
- **രജിസ്റ്റർ നമ്പർ 05 CNY 7613**
- **മുഖപത്രം**
- ഡിജിറ്റൽ ത്രൈമാസിക
- **ലക്കം 03, മാർച്ച് 2021**



- **കവർ ചിത്രം**
- **ബിനുക്കുട്ടൻ കീഴില്ലം**

- **എഡിറ്റോറിയൽ**
- **ചീഫ് എഡിറ്റർ**
- **അജേഷ്കുമാർ പി.ബേബി**

- **എഡിറ്റേഴ്സ്**
- മായാദേവി പി.എസ്.
- മനു ഗോപിനാഥൻ
- ഉണ്ണികൃഷ്ണൻ എം.
- ബിജിക്കുട്ടൻ

- **ഉപദേശകസമിതി**
- **പി. എസ്. പ്രസാദ്**
- **[പ്രസിഡന്റ് , അക്ഷര പബ്ലിക് ലൈബ്രറി]**
- **പി. എം. ചാക്കോ [താലൂക്ക് ലൈബ്രറി കമ്മിറ്റി അംഗം]**

- **ഗ്രാഫിക് ഡിസൈനർ**
- സുബിൻ കെ. എസ്
- **[**സെക്രട്ടറി ,അക്ഷര യുവജനവേദി**]**

- **വിലാസം**
- അക്ഷര പബ്ലിക് ലൈബ്രറി
- കണിച്ചുകുളം,
- മാമ്മൂട് പി. ഓ.
- ചങ്ങാനാശ്ശേരി
- കോട്ടയം, കേരള
- **686536**
- **aksharapubliclibrary05cny7613@gmail.com**

- സന്ദർശിക്കുക
- **website**
- **https://aksharadigitalmagazine.art.blog**
- **OR**
- **https://aksharadigitalmagazineonline.blogspot.com**
- **എഴുത്തിലെ ആശയങ്ങൾ ഏഴുത്തുകാരുടേത്!**

- **അറിയിപ്പ്!**
- **അക്ഷര ഓൺലൈൻ മാഗസിനിലേക്ക് സാഹിത്യ സൃഷ്ടികൾ അയയ്ക്കുന്നവർ ഇമെയിൽ വിലാസത്തിലോ ലൈബ്രറിയുടെ മേൽവിലാസത്തിലോ അയയ്ക്കാവുന്നതാണ്!**

- **Email: aksharadigitalmagazine@gmail.com**

- **Phone : 9497599459**
- **enquiry : 7034659359**

അക്ഷര ഡിജിറ്റൽ പബ്ലിക്കേഷൻസ്

ഉള്ളടക്കം

എഡിറ്റോറിയൽ — 04
അജേഷ്കുമാർപി.ബേബി

പറയാൻ ബാക്കിവച്ചത് — 05
അജയൻ കുറ്റിക്കാട്ട്

നവോത്ഥാനം ചിത്രകലയിലൂടെ — 13
ബിനുക്കുട്ടൻ കീഴില്ലം

ഭാഗ്യവാന്മാർ — 16
റഹ്മത്തുള്ള പി.കെ

സ്ത്രീകൾ നിശബ്ദരാക്കപ്പെടുമ്പോൾ — 17
ഫാ.റവ.ജെസ് വിൻ യെദി ചാക്കോ

സ്ത്രീ സമൂഹം നേരിടുന്ന വെല്ലുവിളികൾ — 20
മായാദേവി പി.സി

വേർപ്പാട് — 22
നന്ദു

കഥയുടെ കഥ — 23
ജോസ് പാത്താമുട്ടം

കാർഷിക വൃത്തി നാടിൻെറ അഭിവൃത്തി — 27
പി.എം.ചാക്കോ

കോവിഡ്-19 സാമൂഹിക ജീവിതത്തിൽ വരുത്തിയ മാറ്റം — 29
ശില്പ.എസ്

നക്ഷത്രം ഹൃദയത്തോട് പറഞ്ഞത് — 30
അജയൻ കുറ്റിക്കാട്ട്

ഗാർഹിക നിയമവും-നിയമ സംരക്ഷണവും — 35
അഡ്വ.സി.കെ.ഷാജി

വിജ്ഞാന ലോകം — 40

അക്ഷര വാർത്തകൾ — 41

നിങ്ങളുടെ കണ്ണുകൾ പോസിറ്റീവ് ആണെങ്കിൽ
നിങ്ങൾ ഈ ലോകത്തെ സ്നേഹിക്കും..
എന്നാൽ നിങ്ങളുടെ നാക്ക് പോസിറ്റീവ് ആണെങ്കിൽ
ലോകം നിങ്ങളെ സ്നേഹിക്കും...
മദർ തെരേസ



ഈ രാജ്യത്തിന്റെ പൊതുസ്വത്താണ് നമ്മുടെ കർഷകർ. ഇന്ത്യയിലെ **130** കോടി ജനങ്ങളെ തീറ്റിപ്പോറ്റുന്നത് അവരുടെ അദ്ധ്വാനത്തിന്റെ ഫലമാണ്. എന്നാൽ, കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ പുതിയ കാർഷിക നിയമം മൂലം **100** ദിവസത്തിൽ അധികമായി ഡെൽഹിയിലെ തെരുവീഥികളിൽ അതിശൈത്യത്തെയും അവഗണിച്ച് കർഷകർ പ്രക്ഷോഭത്തിന്റെ പാതയിലാണ്.

കോടിക്കണക്കിന്നു കർഷകർക്ക് വേണ്ടാത്ത പുതിയ കാർഷിക നിയമം അവരുടെമേൽ കെട്ടിവെക്കാനുള്ള ശ്രമത്തിലൂടെ കോർപറേറ്റുകളുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള കൊണ്ടുപിടിച്ച ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. കാർഷിക നിയമം പെട്ടെന്ന് കേൾക്കുമ്പോൾ നല്ല സുഖകരമായി തോന്നാം പക്ഷേ, കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഇന്ത്യയിൽ എവിടെ വേണമെങ്കിലും വിറ്റഴിക്കാം എന്നതാണ് ഇതിലൂടെ മുന്നോട്ട് വയ്ക്കുന്ന വലിയ വാദം. എന്നാൽ, കർഷകർക്ക് അവന്റെ ഉല്പ്പന്നങ്ങൾ സൂക്ഷിച്ചു വയ്ക്കാനുള്ള സംവിധാനം ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ നിയമം മൂലം, മണ്ഡി സമ്പ്രദായം നിലച്ചുപോയാൽ ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കാനും വിറ്റഴിക്കാനുമുള്ള സംവിധാനം കോർപ്പറേറ്റുകളിൽ മാത്രം നിക്ഷിപ്തമാകും. അതുവഴി ഇന്ത്യയിലെ കാർഷികസമ്പ്രദായം അപ്പാടെ കോർപ്പറേറ്റുകൾക്ക് അടിയറവ് വയ്ക്കുന്ന സ്ഥിതിയാകും ഉണ്ടാവുക. അതുകൊണ്ട് കർഷക പ്രക്ഷോഭം വിജയിക്കേണ്ടത് കർഷകരുടെ മാത്രം ആവശ്യമല്ല, അത് ഓരോ ഇന്ത്യക്കാരന്റെയും ആവശ്യമാണെന്നെ ബോധ്യം ഉണ്ടാവണം.

എഡിറ്റോറിയൽ





മറ്റൊരു ലോകവനിതാദിനം കൂടി സംജാതമാവുകയാണ്. സ്ത്രീകളുടെ ആത്മാഭിമാനവും അന്തസ്സും ഉയർത്തിപ്പിടിക്കുന്നതിനോടൊപ്പം, അവരെ സ്വയം പര്യാപ്തരാക്കേണ്ടത് സമൂഹത്തിന്റെ തന്നെ ബാധ്യതയാണ്.

ഇന്ത്യയിലെ സ്ത്രീകൾ പല അനാചാരങ്ങൾക്കും ഉച്ഛനീചത്വങ്ങൾക്കും വിധേയരായി കഴിയേണ്ടി വന്നിട്ടുള്ളവരാണ്. ഇന്ത്യയിലെ പല പ്രദേശങ്ങളിലും ഇത്തരത്തിലുള്ള പല കേസ്സുകളും ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സ്ത്രീകളുടെ മുന്നേറ്റത്തിന് പലപ്പോഴും തടസമായി നിൽക്കുന്നത് മതവും ജാതിയുമാണ്. സതി, ആർത്തവ അശുദ്ധി, തുടങ്ങിയ പല അനാചാരങ്ങളും സ്ത്രീകൾ മുഖ്യധാരയിൽ നിന്ന് പിന്നോട്ട് വലിക്കാൻ ഇടയാക്കിയിട്ടുണ്ട്.

ഇന്ത്യയിലെ മറ്റ് ഇടങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾക്ക് മുഖ്യധാരയിലേക്ക് കടന്നുവരാൻ ഇടയാക്കിയത് വിദ്യാഭ്യാസ രംഗത്ത് നേടിയ പുരോഗതിയാണ്. തദ്ദേശസ്ഥാപനങ്ങളിൽ **50%** സംവരണം ഏർപ്പെടുത്തിയതും കുടുംബശ്രീ പ്രവർത്തനങ്ങളും സ്ത്രീകളെ മുഖ്യധാരയിലേക്ക് ഉയർത്തിയിട്ടുണ്ട്.

'പ്രകാശം പരത്തുന്ന പെൺകുട്ടി ' എന്ന കഥയുടെ അവസാനം "മനുഷ്യന്റെ ജീവിതത്തിൽ യുക്തിക്ക് വിശദീകരിക്കാൻ കഴിയാത്ത പലതും സംഭവിക്കാറുണ്ടല്ലോ. പ്രകാശം പരത്തുന്ന ആ പെൺകുട്ടിയെ വീണ്ടും കണ്ടുമുട്ടാതിരിയ്ക്കില്ല. ഒരു പക്ഷേ, നാനൂറോ അഞ്ഞൂറോ കൊല്ലങ്ങൾക്കോ ശേഷമായിരിക്കാം." പ്രകാശം പരത്തുന്ന പെൺകുട്ടി എന്നതിൽ നിന്ന് പ്രകാശം പരത്തുന്ന പെൺകുട്ടികളാൽ സമ്പന്നമാകട്ടെ നമ്മുടെ ലോകം !

ചീഫ് എഡിറ്റർ
അജേഷ്കുമാർ. പി. ബേബി

പറയാൻ ബാക്കിവച്ചത്



സൈമൺ ബ്രിട്ടോ

2 നക്ഷത്രങ്ങളുടെ സ്വന്തം



അജയൻ കുറ്റിക്കാട്ട്
9447672457



കൈക്കുമ്പിളിൽ കുഞ്ഞീശോയുമായി മാനത്തേക്ക് നോക്കി പ്രാർത്ഥിക്കുന്ന ദിവ്യമാതാവിന്റെ കരുണാർദ്രമായ മുഖത്തിനു താഴെ, തണൽ മരങ്ങളുടെ നിഴലിൽ കളിചിരിയുമായി ആറേഴു മാലാഖമാർ അവരെ പ്രോത്സാഹിപ്പിച്ചു കൊണ്ട് നിഷ്ക്കളങ്കമായ കുഞ്ഞീശോയുടെ മുഖഭാവത്തോടെ മൂന്നു,നാല് ആൺകുട്ടികൾ മരത്തിന്റെ താഴ്ന്ന ചില്ലകളിലിരുന്നു. അവരുടെ സ്വർഗ്ഗ രാജ്യത്തേയ്ക്ക് ഇടവക വികാരി പട്ടാളച്ചിട്ടയോടെ പൊടുന്നനെ കടന്നുവന്നു. സ്വർഗ്ഗരാജ്യം കളിചിരിയും കവർന്നെടുത്ത് നിമിഷങ്ങൾക്കുള്ളിൽ പറന്നു പോയി. എഴുന്നേറ്റു നിന്ന മാലാഖമാരേയും, കുഞ്ഞീശോമാരേയും നോക്കി വടുതല പള്ളിയിലെ വികാരി പറഞ്ഞു. "ബ്രിട്ടോ , ക്രിസ്റ്റി , ഫ്രാൻസി കളിച്ചതു മതി എല്ലാവരും പള്ളിമേടയിലോട്ട് വാ." അനുസരണയുള്ള കുഞ്ഞാടുകളെപ്പോലെ കുട്ടികൾ പള്ളിമേടയിലേയ്ക്ക് .

പട്ടാളച്ചിട്ടക്കാരനാണെങ്കിലും കുട്ടികൾക്ക് ഇടവക അച്ചനോട് ഇഷ്ടമാണ്. കഥയും കളിയും പറയുന്ന അച്ചൻ എല്ലാ ഞായറാഴ്ചയും പ്രാർത്ഥനയ്ക്കുശേഷം കുട്ടികളെ വിളിച്ച് എന്തെങ്കിലുമൊക്കെ ഗുണദോഷം പറഞ്ഞു കൊടുക്കുന്ന പതിവുണ്ട്. കുട്ടികൾ ഇഷ്ടക്കേട് കാട്ടിയാൽ അച്ചൻ കണ്ണുരുട്ടും. പിന്നെ ഭയമൊഴുകുന്ന കണ്ണുകളോടെ കുട്ടികൾ അച്ചനെ ശ്രദ്ധിച്ചിരിക്കും. നിരന്നിരിക്കുന്ന കുട്ടികളെ നോക്കി അച്ചൻ ചോദിച്ചു. "മക്കളെ നിങ്ങൾക്ക് ഏതൊക്കെ പാട്ടാ ഇഷ്ടം". ഫ്രാൻസി എന്ന കുഞ്ഞുമാലാഖ ചോദ്യം കേട്ടതും ഉത്തരം പറഞ്ഞതും ഒരുപോലെ. "എനിക്ക് പള്ളിപ്പാട്ടാ ഇഷ്ടം " . സന്തോഷം കൊണ്ട് വിടർന്ന വികാരിയുടെ കണ്ണുകൾ പിന്നെ തേടിയത് പത്തു വയസുകാരൻ ബ്രിട്ടോയുടെ നേർക്ക് . നിനക്കോടാ ?" അച്ചന്റെ നോട്ടം പിൻവലിഞ്ഞപ്പോൾ മെല്ലെ എഴുന്നേറ്റ് ബ്രിട്ടോ പറഞ്ഞു .എനിക്കിഷ്ടം ചങ്ങമ്പുഴയുടെ പാട്ടുകളാ " . പിൻവലിഞ്ഞ നോട്ടം മുറുകി. ഒരിക്കിളിന്റെ അകമ്പടിയോടെ അച്ചൻ ബ്രിട്ടോയെ നോക്കി. പിന്നെ അവിശ്വസനീയമായതു കേട്ടതുപോലെ "ങേ..... ചങ്ങമ്പുഴയോ?" കുഞ്ഞു ബ്രിട്ടോയിൽ ഒരവിശ്വാസി വളരുന്നു എന്നു മനസ്സിലാക്കിയതു പോലെ അച്ചനൊന്നിരുത്തി മൂളി.

പിശാചിനെ തിരക്കി

പിന്നെ കുട്ടികൾക്ക് ആ ഞായറാഴ്ച പകർന്നു കൊടുക്കേണ്ട വിഷയത്തിലേക്ക് വന്നു. "മക്കളെ ഇന്ന് അച്ചൻ പറയാനുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാ "നിലാവിൻെറ . പരിശുദ്ധിയുള്ള കുട്ടികളുടെ നോട്ടമേറ്റുവാങ്ങിക്കൊണ്ട് അച്ചൻ തുടർന്നു. "നിങ്ങളീ കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച് കേട്ടിട്ടുണ്ടോ ? അവരെക്കുറിച്ചാ എനിക്കു പറയാനുള്ളത് " ഫ്രാൻസിസത്യവേദപുസ്തകത്തിലേയ്ക്കും, ക്രിസ്റ്റി ഷർട്ടിനിടയിൽ ഒളിപ്പിച്ചു വച്ച ടാർസന്റെ കഥാപുസ്തകത്തിലേക്കും നോക്കിയിരുന്നു. "കമ്മ്യൂണിസ്റ്റുകാരുടെ ദേഹത്ത് അവിശുദ്ധ ശക്തികൾ പ്രവർത്തിക്കുന്നുണ്ട്. അവർ സാത്താനുമായിട്ടാണ് സഹവസിക്കുന്നത്. അവരുടെ കൂട്ടം അങ്ങ് ദൂരെ റഷ്യലാ. അതുകൊണ്ട് സാത്താനുമായി കൂട്ടുകെട്ടില്ലാത്ത, അവിശുദ്ധ ശക്തികളില്ലാത്ത എന്റെ കുട്ടികളൊക്കെ എന്നുമുള്ള അൻപത്തിയൊന്നുമണി പ്രാർത്ഥനയ്ക്കുശേഷം റഷ്യേടെ മാനസാന്തരത്തിനു വേണ്ടി ദൈവത്തോട് ആവശ്യപ്പെടണം"അച്ചൻ പറഞ്ഞു നിർത്തി.കുട്ടികൾ തലകുലുക്കി സമ്മതിച്ചു. പിന്നെ എന്നും നിങ്ങള് പള്ളീവരണം. അങ്ങനെ വന്നാ മാത്രമേ നല്ല ജീവിതം കിട്ടൂ. പുണ്യാളന്മാര് നിങ്ങൾക്ക് ചുറ്റും നിറഞ്ഞുനിൽക്കാൻ നിങ്ങളെപ്പോഴും പ്രാർത്ഥിച്ചു കൊണ്ടുമിരിക്കണം. " അച്ചന് സ്തുതി പറഞ്ഞ് കുട്ടികൾ പള്ളിമേടയിൽ നിന്നുമിറങ്ങി.

പോകും വഴി പത്തു വയസ്സുകാരൻ ബ്രിട്ടോയുടെ മനസ്സ് സാത്താന്റെ മുഖമുള്ള കമ്മ്യൂണിസ്റ്റുകാരെ തേടുകയായിരുന്നു. പക്ഷേ, താൻ ഒൻപത് വയസ്സുവരെ കളിച്ചു നടന്ന പോഞ്ഞിക്കരേലെങ്ങും സാത്താന്റെ മുഖമുള്ള ആരെയും കണ്ടില്ലല്ലോ. ബ്രിട്ടോ ചിന്തിച്ചു. പിന്നെയിങ്ങനെ സമാധാനിച്ചു. "ചിലപ്പോൾ അച്ചന്മാർക്ക് മാത്രമായിരിക്കും സാത്താനെ കാണാൻ പറ്റുന്നത്. കുഞ്ഞുങ്ങളുടെയരികിൽ സാത്താനും ഭൂതോമൊന്നും വരുകേലന്ന് സിസ്റ്ററമ്മ എത്രയോ വേദപാഠക്ലാസ്സിൽ പറഞ്ഞിരിക്കുന്നു.ഇപ്പോൾ ഒരുവർഷമായി വടുതലേല് പുതിയവീട്ടിൽ താമസിക്കുന്നു. എന്നിട്ടും ഇതുവരെ ...." ബ്രിട്ടോയുടെ സംശയം നീളവെ വീട്ടിലെത്തി. പതിവു പോലെ വരാന്തയിൽ അച്ഛനോട് വർത്തമാനം പറയാൻ ആരോ വന്നിട്ടുണ്ട്.



എഫ്.എ.സി.റ്റി. ജീവനക്കാരനായ അച്ഛൻ നിക്കോളാസ് റോഡ്രിഗ്സിന്റെയരുകിൽ മിക്കപ്പോഴും ചുവപ്പും, വെള്ളയും, നിറമുള്ള നോട്ടീസുമായി വരുന്ന പരന്ന ചിരിയുള്ള ആ ഇരുനിറക്കാരൻ തന്നെയാ ഇത്തവണയും ബ്രിട്ടോയുടെ കവിളിൽ സ്നേഹപൂർവ്വം ഒന്നു തടവിയിട്ട് ഇരുനിറക്കാരൻ ഇറങ്ങിപ്പോയി , അയാൾ വച്ചിട്ടുപോയ ചുവന്ന നോട്ടീസിലേക്ക് നോക്കി ബ്രിട്ടോ അച്ഛനോട് ചോദിച്ചു " ആ പോയത് ആരാ അച്ഛാ ?"

ചെറു ചിരിയോടെ അച്ഛൻ "അത് ലോറൻസ്, എം.എം. ലോറൻസ്,വല്യ പാർട്ടിക്കാരനാ " . പാർട്ടിയോ ? ബ്രിട്ടോയുടെ ചോദ്യത്തിനുത്തരം പറയാതെ നിക്കോളാസ് നോട്ടീസും ചുരുട്ടി പുറത്തേയ്ക്കു പോയി. അകത്തു നിന്ന് അമ്മ ഐറിയുടെ ശബ്ദം "എന്താടാ കുത്തിയിരിക്കുന്നത്? വന്ന് വല്ലതും കഴിക്ക് " . അമ്മയോട് ചോദിച്ചാലോ സാത്താന്റെ മുഖമുള്ളവരെ കണ്ടിട്ടുണ്ടോന്ന്.വേണ്ട അമ്മയുടെ ലോകം അടുക്കളേം,പിന്നെ പള്ളീം മാത്രമാണെന്ന് ബ്രിട്ടോ മനസ്സിൽ പറയുമ്പോൾ പോയതു പോലെതന്നെ അച്ഛൻ മടങ്ങിവന്നിരുന്നു.
പിന്നെ അകത്തേയ്ക്ക് നോക്കി ദേഷ്യത്തിൽ പറഞ്ഞു. ഇത് വടുതലയൊന്നുമല്ല വത്തിക്കാനാ . ഒക്കെ കമ്മ്യൂണിസ്റ്റ് വിരുദ്ധരാ . കയ്യിലിരുന്ന നോട്ടീസ് അപ്പാടെ വരാന്തയിൽ വച്ചിട്ട് അച്ഛനകത്തേയ്ക്ക് പോയി. വരാന്തയിലിരുന്ന ചുവന്ന നോട്ടീസിന് സാത്താന്റെ മുഖമാണോ?പിന്നെ ഊണിലും ഉറക്കത്തിലും അതായി ബ്രിട്ടോയുടെ ചിന്ത. ആട്ടിയോടിക്കേണ്ട സാത്താൻ ക്രമേണ ബ്രിട്ടോയുടെ കുഞ്ഞു മനസ്സിലേക്ക് കയറി നന്മയും ലക്ഷ്യങ്ങളും പറഞ്ഞുകൊടുത്തു .നീതിയും അനീതിയും ചൂണ്ടിക്കാട്ടി . സമരവും പോരാട്ടങ്ങളും പഠിപ്പിച്ചുകൊടുത്തു .പിന്നെ അവന്റെ ചിന്തകൾക്ക് ചുവപ്പൻ സ്വപ്നം നൽകി സാത്താൻ കൂടൊഴിയുമ്പോൾ ബ്രിട്ടോ ഒരു കമ്യൂണിസ്റ്റായിക്കഴിഞ്ഞിരുന്നു. ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണത്തിന്റെ പേരിലും വിമോചനത്തിന്റെ പേരിലും വടുതലയിലെ ജനങ്ങൾ ഒന്നകെ ആക്ഷേപിച്ച കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതീക്ഷകളിലൊന്നായി ബ്രിട്ടോ വളർന്നു. വടുതല പള്ളിക്കും ഇടവക വികാരിക്കും സ്നേഹ നിർഭരമായ വിട നൽകി. ബ്രിട്ടോ ഒരു തലമുറയിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആവേശകരമായ ഏടായി മാറുന്നതുവരെ വളർന്നു. ഒടുവിൽ സമര കൗതുകങ്ങൾക്ക് പുളകച്ചാർത്തായി ജീവിക്കാൻ എൽ.ഐ.സി. ഏജന്റായി ബ്രിട്ടോ കഴിയുന്നു.

ഒരു പഴങ്കഥയുടെ ലാഘവത്തോടെ പറഞ്ഞു പോകാവുന്നതല്ലെ സൈമൺ ബ്രിട്ടോയുടെ ജീവിതകഥ. ഒരു തലമുറയിലെ വിദ്യാർത്ഥി രാഷ്ട്രീയമത്രയും അതിന് പശ്ചാത്തലമാണ്. ആത്മീയതയുടെ പുറം തോടുകൾ പൊളിച്ച് , ഭൗതികവാദത്തിന്റെ പകൽ വെളിച്ചത്തിലൂടെ നടന്ന് രാഷ്ട്രീയ പോരാട്ടങ്ങൾ നടത്തി , അധികാരസിംഹങ്ങളുടെ മടിയിൽ മുഷ്ടി ചുരുട്ടി മുദ്രാവാക്യം മുഴക്കിച്ചെന്ന് .... കണ്ണീരൊഴുക്കുന്ന ജനതയുടെ വേദനയും വിദ്വേഷവും വിയർപ്പും കൂടിക്കലർന്ന കൊടി നാട്ടി, തീരാവിദ്വേഷത്തിന്റെ തീ പുരട്ടിയ നാക്കുകൾ പോലെ ഗർജ്ജിച്ച ഒരു പോരാട്ട ചരിത്രമാണ് ബ്രിട്ടോയുടെ ജീവിതത്തിനുള്ളത്.

"ഒരു ആംഗ്ലോ ഇൻഡ്യൻ കുടുംബത്തിലാണ് ഞാൻ പിറന്നത്. രണ്ടു സഹോദരങ്ങൾ മൂന്നാമെത്തെ വയസ്സിലേ മരിച്ചു പോയി. പിന്നെയുള്ളത് ക്രിസ്റ്റിയും ഫ്രാൻസിയും കമ്മ്യൂണിസ്റ്റുകാർ മഹാകുഴപ്പക്കാരാണെന്നുള്ള പ്രചാരണം പിന്തിരിപ്പന്മാരും പള്ളിയും നടത്തുന്ന കാലത്താണ് ഇവിടെ വടുതലയിൽ ഞങ്ങൾ താമസം ആരംഭിക്കുന്നത്. പോഞ്ഞിക്കര റാഫിയും ചങ്ങമ്പുഴയുമൊക്കെ നിറഞ്ഞുനിന്ന എന്റെ ബാല്യത്തിൽ ഒരു ചുവപ്പൻ കനലിട്ടു തന്നത് യഥാർത്ഥത്തിൽ പള്ളി തന്നെയാണ്. നമ്മൾ കാണാത്തതിനേം കേൾക്കാത്തതിനേം കുറിച്ച് ആധികാരികതയോടെ അവർ പറയുമ്പോൾ അതന്വേഷിക്കുവാനും എന്താണെന്ന് തിരിച്ചറിയാനുമുള്ള അന്വേഷണം ഞാൻ തുടങ്ങിയത് വടുതല പള്ളിയിലെ വികാരിയായിരുന്ന ഫാദർ പട്ടമനയിലൂടെയാണ്. ഫാദറിന്റെ നിർബന്ധം കൊണ്ട് കാത്തലിക് സ്റ്റുഡന്റ്സ് യൂണിയൻ രൂപീകരിക്കാൻ ശ്രമിച്ചു. അതിൽ വിജയിച്ച കമ്യൂണിസ്റ്റ് വിരുദ്ധതയുടെ ബാലപാഠമായിരുന്നു ആ വിദ്യാർത്ഥി സംഘടന ആ സംഘടനയുടെ പുറത്ത് ഒരു ലോകമുണ്ടെന്നും വെറുക്കേണ്ടവരുടെ ലോകമാണതെന്നും വൈദികർ സദാപറഞ്ഞു കൊണ്ടിരുന്നു. പച്ചാളം സെന്റ് ജോസഫ് ഹൈസ്കൂൾ വിദ്യാർത്ഥിയാണ് ഞാൻ. അക്കാലത്ത് കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ സത്യനാദത്തിൽ എഴുതാറുണ്ടായിരുന്നു. ആ കഥകളിൽ വൈദികർക്ക് ഇഷ്ടമില്ലാതിരുന്ന ലോകത്തിന്റെ കഥയുമുണ്ടായിരുന്നു.' മൃഗം ' എന്ന കഥയ്ക്ക് ഒന്നാം സമ്മാനം പോലും കിട്ടി.

കഥയെഴുത്ത്

കഥയെഴുത്തിന് കുടുംബപരമായേ പ്രോത്സാഹനമൊന്നുമില്ലായിരുന്നു. ഞാനെഴുതിയ കഥ നാട്ടിലും വീട്ടിലും ചർച്ചാ വിഷയമായി. അങ്ങനെ ഞാനറിയാതെ വിലപിക്കുന്നവരുടെ ലോകത്തേയ്ക്കു പോയി. അവരുടെ സംഘടനയ്ക്കായി ശ്രമിച്ചു. ഒടുവിൽ പച്ചാളം ശ്മശാനത്തിനടുത്തുള്ള ഒരു ചകിരപ്പുരയിൽ മുപ്പതു കുട്ടികള പിടിച്ചിരുത്തി പ്രലോഭനങ്ങൾ നൽകി എസ്.എഫ്.ഐ യുടെ ആദ്യേ കേരള രൂപമായെ എസ്.എഫ് എന്ന സംഘടനയുട യൂണിറ്റ് രൂപീകരിച്ചു. ക്രമേണ ഞാൻ സെന്റ് ആൽബർട്ട്സിൽ പ്രീഡിഗ്രി വിദ്യാർത്ഥിയായി എത്തി. കെ.എസ്.എഫിന്റെ സിറ്റി കമ്മറ്റി സെക്രട്ടറിയുമായി.

"വികാരിമാർ പേടിപ്പിച്ച സാത്താന്റെ മുഖം തേടാൻ ഞാൻ കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണങ്ങൾ തേടിപ്പിടിച്ച് വായിച്ചു. ഒപ്പം ബഷീറിന്റെയും , പൊറ്റക്കാടിന്റെമൊക്കെ രചനകളെ സ്നേഹിച്ചു. നിരന്തരമായ വായനയും പഠനവുമൊക്കെ എന്റെ ചിന്തയെ കീഴ്മേൽ മറിച്ചു. കമ്മ്യൂണിസത്തിന് നന്മയുടെ മുഖമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അതുവരെ ഓലയിട്ടു പേടിപ്പിച്ച യഥാർത്ഥ സാത്താന്മാരേയും തിരിച്ചറിഞ്ഞു " . ബ്രിട്ടോ വീടിനടുത്തു കൂടെ ഒഴുകുന്ന ചിറ്റൂർപുഴയെ ചൂണ്ടി , " ഈ പുഴയുടെ തീരത്തിരുന്നാണ് ഞാൻ നന്മയുടെ മുഖങ്ങൾ വായിച്ചു തീർത്തത്.

പിന്നെ എസ്.എഫ്.ഐ യുടെ വളർച്ചക്കായി കേരളത്തിലെ മിക്ക കാമ്പസുകളിലേയ്ക്കും ഞാൻ യാത്രയായി. അതി ശക്തമായ സംഘടനാ പ്രവർത്തനം സുരേഷ് കുറുപ്പും സി.പി. ജോണും കരുത്തുറ്റ പോരാളികളെപ്പോലെ സംഘടനയെ നയിക്കുന്ന കാലം. എന്നോടൊപ്പമുള്ള പല എസ്.എഫ്.ഐ ക്കാരും മറ്റു സംസ്ഥാനങ്ങളിൽ സംഘടനയ്ക്ക് വേരുണ്ടാക്കാൻ ചുമതലപ്പെട്ടവരായി. അങ്ങനെ സൂറ്റിലേക്ക് മാത്യൂസും ബീഹാറിലേയ്ക്ക് ഞാനുമൊക്കെ പോയിട്ടുണ്ട്. ഞാൻ സംഘടനയുടെ സംസ്ഥാന ഭാരവാഹികളിലൊരാളായിരിക്കെ എറണാകുളം മഹാരാജാസിൽ രമേഷ് വർമ്മ എസ്.എഫ്.ഐ ചെയർമാനായി നമ്മുടെ കോൺഗ്രസ് എം.എൽ.എ പി.റ്റി തോമസ് കെ.എസ്.യു പ്രവർത്തകനായി മഹാരാജാസിലുണ്ട്. എസ്.എഫ്.ഐ. ആധിപത്യം തകർക്കാൻ . കെ.എസ്.യുക്കാർ പണി പതിനെട്ടും നോക്കുകയാണ്.

ഞാൻ മിഥുല യൂണിവേഴ്സിറ്റിയിലെ എൽ.എൽ.ബി പഠനം അവസാനിപ്പിച്ച് തിരുവനന്തപുരം ലോ അക്കാദമിയിൽ രണ്ടാം വർഷ വിദ്യാർത്ഥിയായി. എസ്.എഫ്.ഐയെ തകർക്കാൻ മഹാരാജാസിൽ ദിനവും ആക്രമണങ്ങൾ അരങ്ങേറി. സമചിത്തതയോടെ അതിനെ നേരിട്ടെങ്കിലും ഞങ്ങളുയർത്തിയ ആശയ ഭദ്രത തകർക്കാൻ ഒരു വിഭാഗം തീരുമാനിച്ചു. അങ്ങനെ 1983 ലെ ഒരു അദ്ധ്യയന ദിവസത്തിൽ രണ്ടാം വർഷ എൽ.എൽ.ബി. റിസൽട്ടിലെ വിജയം അറിഞ്ഞ ശേഷം ഞാൻ ജില്ലാ ആശുപത്രിയിലേയ്ക്കു നടക്കുമ്പോൾ മഹാരാജാസിലെ കുട്ടികൾ ഓടി വന്നു പറഞ്ഞു കാമ്പസ്സിൽ അടി നടക്കുന്നുവെന്ന് .പരിചിതമായ ആ കോളജിലെ കാഴ്ച അമ്പരിപ്പിക്കുന്നതായിരുന്നു. ഒരു കൂട്ടം റൗഡികൾ കുട്ടികളെ വളഞ്ഞിട്ടു തല്ലുന്നു. യൂണിയൻ ഭാരവാഹി ചന്ദ്രസേനന്റെ നേരെ കത്തിയുമായി ഒരുത്തൻ രണ്ടും കൽപ്പിച്ച് ഞാൻ ആശുപത്രിയുടെ ഇടനാഴിയിലേക്ക് ഓടി.ചന്ദ്രസേനനെ തള്ളി മാറ്റി കത്തിമുനയിൽ നിന്നു രക്ഷിച്ചു. അപ്പോൾ ആരോ രണ്ടു പേർ എന്റെ ചുമലടക്കം കൂട്ടിപ്പിടിച്ച് മുടിക്ക് പിടിച്ചുയർത്തി.

ഉയർന്നുവന്ന കത്തി

ചന്ദ്രസേനനു നേരെ പാഞ്ഞ കത്തി ചോര കിട്ടാത്ത പകയോടെ ആദ്യം എന്റെ ഹൃദയത്തിൽ, പിന്നെ കരളിൽ, എന്റെ പുറത്ത്, പിന്നെ എന്നെ താങ്ങി നിർത്തിയെ നട്ടെല്ലിന്റെ അവസാന കശേരുവിൽ ആഴത്തിലുള്ള മുറിപ്പാടുകളുമായി ആഴ്ന്നിറങ്ങി. കുത്തേറ്റ നിസ്സാഹയതയിൽ ഞാൻ അലറി വിളിച്ചു. എന്റെ ചുമലടക്കിപ്പിടിച്ചവർ എന്നെ കുടഞ്ഞ് ദൂരേയ്ക്കെറിഞ്ഞു ഭ്രാന്തമായ വേദനയോടെ ചിതറിത്തെറിക്കുന്ന ചോരച്ചാലുകളോടെ ഞാനെഴുന്നേറ്റു. ആ നിമിഷം എന്റെ സകല ഊർജ്ജവും എന്റെ അരക്കെട്ടിൽ നിന്നൂർന്നിറങ്ങി കാൽവിരലിലൂടെ ഭൂമിയേിലേക്ക് ആഴ്ന്നുപോകുന്നത് ഞാനറിഞ്ഞു. കണ്ണിൽ ഇരുട്ടു നിറഞ്ഞു പിന്നെ കാറ്റുപോയ പൊങ്ങുതടിപോലെ ഞാൻ താഴേയ്ക്കു വീണു.



ശ്വാസവും ഊർന്നു പോവാൻ തുടങ്ങിയപ്പോൾ എന്റെ നക്ഷത്രങ്ങൾ ഓടി വന്ന് എന്നെ വാരിയെടുത്തു. 1983 ഒക്ടോബർ 14 അത് മരണത്തിന്റെ ദിവസമായിരുന്നു. ഇരുട്ടു പരന്നു തുടങ്ങിയ എന്റെ കണ്ണുകൾ ആശുപത്രി ഇടനാഴിയിൽ നിന്ന് മഹാരാജാസിന്റെ മുറ്റത്തേയ്ക്കു പാഞ്ഞു. കാറ്റിൽ പറക്കുന്ന ശുഭ്ര പതാക കണ്ടു. ചുവപ്പൻ നക്ഷത്രവുമായി പതാക ഒന്നുലഞ്ഞു. എന്നെ അഭിവാദ്യം ചെയ്തതാവാം.

ആശുപത്രിയിലെ തണുപ്പിലേയ്ക്ക് ചെന്നത് ഞാനറിഞ്ഞു. നാലുപാടും ഡോക്ടർമാർ. പെട്ടന്ന് ഓർമ്മ ഒന്ന് കീഴ്മേൽ മറഞ്ഞു. പക്ഷേ, പൂർവ്വാധികം കരുത്തോടെ ഞാനുണർന്നു. ചോരമണം നിറഞ്ഞ എന്റെ കിടക്കയിൽ മരണം വന്നടുത്തു നിൽക്കുകയാണ്. ചിലപ്പോൾ തലയിണയ്ക്കരികിൽ , ചിലപ്പോൾ എന്റെ നോട്ടം എത്തുന്ന ചുവരിൽ ഒക്കെ പ്രതീക്ഷയോടെ മരണം കാത്തുനിന്നു. ഞാനും മരണവും മുഖത്തോടു മുഖം നോക്കിയങ്ങനെ... നിലാവിന്റെ മങ്ങിയ ചാരനിറം പോലെയായിരുന്നു അപ്പോൾ മരണത്തിന്റെ മുഖം. പിന്നെ അതു കറുത്തു. ക്ഷമകെട്ടിട്ടാവാം. ഒടുവിൽ വൈദ്യശാസ്ത്രത്തെ തോൽപ്പിച്ച് എന്റെ കാൽവിരലിലൂടെ കടന്ന് എന്നെ തളർത്തിയ മുറിപ്പാടു വരെയെത്തി പക തീർത്തു. എന്റെ കാലുകളെ നിശ്ചലമാക്കി മരണം എന്നെ ഉപേക്ഷിച്ച് കിട്ടിയ പാതി ശരീരവുമായി കടന്നു പോയി. ആ നാൽപ്പത്തിയേഴു ദിവസം ഞാനുറങ്ങിയിട്ടില്ല. ഡോക്ടർമാരും ഭയന്നു. അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്നയാൾക്ക് ഉറക്കവും വരാതെയിരുന്നാൽ . ഡോക്ടർമാർക്ക് പരിഭ്രമേമേറി. അവർ പുസ്തകങ്ങളിലേയ്ക്കും കടൽ കടന്ന് അന്വേഷണങ്ങളേിലേയ്ക്കും പോകുമ്പോൾ ആശുപത്രിക്കു പുറത്ത് ഞാൻ ഇതേവരെ കണ്ടിട്ടില്ലാത്ത എന്റെ നക്ഷത്രങ്ങൾ മനോനില തെറ്റിയവരെപ്പോലെ അലറിക്കരയുകയായിരുന്നു. ഒടുവിൽ എനിക്കു ജീവൻ പരിമിതമയത്തേയ്ക്കു മാത്രമെന്ന് ഡോക്ടർ സുന്ദർ റാവു കുറിച്ചു. ബോർഡ് എന്റെ കട്ടിലിൽ തൂക്കി.

അതോടെ എന്റെ ശവസംസ്കാര ചടങ്ങുകൾ എങ്ങനെ വേണമെന്ന ആലോചന പുറത്തു തുടങ്ങി. അപ്പോൾ കീറിപ്പറിഞ്ഞ എന്റെ പാതി ശരീരത്ത് കുഴിയീച്ചകൾ പാറിപറക്കുകയായിരുന്നു. അവരുടെ പ്രിയപ്പെട്ട ഭക്ഷണത്തിന്റെ ദുർഗന്ധമായിരുന്നു എന്റെ മുറിവുകൾക്ക്. മരണത്തിന്റെ വായിൽ നിന്ന് എന്നെ പിടിച്ചു വലിക്കാൻ , എനിക്ക് കാവലിരിക്കാൻ വന്ന നക്ഷത്രങ്ങളെയോർത്ത് ഞാൻ കിടന്നു മരണത്തെ പായിച്ചുവിട്ട ഞാൻ പിന്നെ കമിഴ്ന്നായി കിടപ്പ്. മുറിവുകളൊക്കെ പഴുത്തതായിരുന്നു കാരണം. ആറു മാസം കമിഴ്ന്നു കിടന്ന് നായയെപ്പോലെ വെള്ളം നക്കിക്കുടിച്ച് ഞാൻ കിടന്നു. എനിക്കു വേണ്ടി മുറിവേറ്റ ഹൃദയങ്ങളുമായി കെ.സുരേഷ് കുറിപ്പ്, സി.പി. ജോൺ , സലിം ,പള്ളിമുക്ക് വിജയൻ ഉണ്ണിക്കൃഷ്ണൻ , ജോർജ്ജ് മോറിസ് മാത്യൂസ്, കണ്ണൂരിലെ രാജനും സുനിലും, കുണ്ടറയിലെ ലൂയിസ് അങ്ങനെ പറഞ്ഞാൽ തീരാത്ത എനിക്കിന്നും പേരുകളറിയാത്ത എന്റെ നക്ഷത്രങ്ങൾ എനിക്കു വേണ്ടി കാവൽ കിടന്നു.

ആ നക്ഷത്രങ്ങൾ പകർന്നുതന്ന കരുത്തിലൂടെയാണ് ഞാൻ എന്നെ പാതി വിഴുങ്ങിയ മരണത്തെ ആട്ടിയോടിച്ചത്. പത്തു മാസത്തെ ആശുപത്രിവാസത്തിനു ശേഷം ഞാൻ വീട്ടിലെത്തി. ഒരു ചുമട് എടുത്ത് വയ്ക്കും പോലെ രണ്ടാൾ എന്നെ എടുത്ത് വീട്ടിൽ വച്ചു. പത്ത് മാസം മുമ്പ് ഞാൻ ചവിട്ടിയിറങ്ങിപ്പോയ പടിയിലേയ്ക്ക് നോക്കി. നാലു ചുവരുകൾക്കുള്ളിൽ പകുതി ജഡമായ ഞാൻ.

ഒരു മഹാ പ്രയാണത്തിന്റെ ഓർമ്മപാതകളിൽ നിന്ന് ശരതീഷ്ണമായൊരു സന്ദേശം കൈമാറുന്നതു പോലെ , രക്ത- നക്ഷത്രാങ്കിതമായ ശുഭ്ര പതാകയുടെ ഒരു കാലത്തെ അമരക്കാരൻ തന്റെ പൂർവ്വകഥ വടുതലയിലെ 'കയത്തിലിരുന്ന് പറയുമ്പോൾ എന്റെ ആലോചന ഇടയ്ക്ക് കതിർക്കുലകളെക്കുറിച്ചായി. കനമുള്ള കതിർക്കുലകളെ നോക്കിയാണല്ലോ എല്ലാവരും അഭിമാനിക്കുന്നത്. ഇതൊരു പുകഴ്ത്തല്ല. എസ്.എഫ്.ഐ യുടെ അക്കാലത്തെ ഒരു കതിർക്കുലയെ , അതും കനമുള്ള കതിർക്കുലയെ തല്ലിത്തകർക്കുവാൻ തീരുമാനിച്ചപ്പോൾ അതു ബ്രിട്ടോ യാണെന്നു മാത്രം. ആലോചനയിൽനിന്ന് മടങ്ങി , ഞാൻ ബ്രിട്ടോയോടു ചോദിച്ചു. വീടിനെന്താ 'കയം' എന്നു പേരിട്ടത്. മറുപടിയായി ആദ്യം ബ്രിട്ടോ ചിരിച്ചു. പിന്നെപ്പറഞ്ഞു.

ഇതു ദുഃഖത്തിന്റെ കയമാണ്, സന്തോഷത്തിന്റെ കയമാണ്, ആത്മവിശ്വാസത്തിന്റെ കയമാണ് , പിന്നെ എന്റെ നക്ഷത്രങ്ങളുടെ കയമാണ്. "ഇഷ്ടമുള്ള അർത്ഥം ചോദിക്കുന്നവരുടെ മനോനിലയ്ക്ക് അനുസരിച്ച് തിരഞ്ഞെടുക്കാം.

നീണ്ട പത്തു വർഷം വേദനയുടെ കയത്തിൽ കിടന്ന്, അന്ധകാരത്തിന്റെ ആഴവും പരപ്പും മാത്രം കൂട്ടുകാരായി ഒപ്പമുണ്ടയിരുന്ന നാളുകളിലെ ദു:ഖമാവാം "കയ"ത്തിലവസാനിച്ചത്.

പിന്നെ ചികിത്സയുടെ യാത്രയായിരുന്നു എനിക്ക് . എന്നെ ചികിത്സിക്കാത്ത പ്രധാന ഡോക്ടർമാരൊന്നും കേരളത്തിലില്ല. ഇപ്പോൾ ഞാൻ പ്രകൃതി ചികിത്സയിലാണ്. വൈദ്യശസ്ത്രം എഴുതിത്തള്ളിയ ഈ ശരീരത്തെ എങ്ങനെയാണ് ബ്രിട്ടോ ജീവിതത്തിലേക്ക് വീണ്ടും കൊണ്ടുവരുന്നത്.? ഉത്തരം പറയും മുൻപ് ബ്രിട്ടോ എന്റെ കണ്ണുകളിലേക്ക് നോക്കി പിന്നെ സദാ ചലിച്ചു കൊണ്ടിരിക്കുന്ന ചിറ്റൂർ പുഴയിലേയ്ക്ക് നോക്കി പറഞ്ഞു: എനിക്ക് മറ്റാർക്കും കാണാൻ കഴിയാത്ത രണ്ടു കണ്ണുകൾകൂടെയുണ്ട് ആത്മവിശ്വാസം എന്നു വേണേൽ ആ കണ്ണുകൾക്കു പേരിടാം. ഇരുൾ പരക്കുന്ന എല്ലാ സന്ധ്യകളിലും സുഹത്തുക്കളൊഴിയുമ്പോൾ എന്റെ നിശബ്ദതയുടെ ലോകത്തേയ്ക്ക് ആ കണ്ണുകളുടെ പ്രകാശമെത്തും. എന്റെ ഭാരം താങ്ങാൻ തളർന്ന എന്റെ കാലുകൾക്കു കരുത്തിന്റെ നീരോട്ടം നൽകാൻ ഞാനാ കണ്ണുകളോടു പറയും. പിന്നെ എന്റെനെഞ്ചകത്ത് കത്തുന്ന നെരിപ്പോടിലേയ്ക്ക് , അതിന്റെ കൊടും ചൂടിലേയ്ക്ക് ഞാൻ പറയാതെ തന്നെ ആ കണ്ണുകൾ കുടിപ്പാർക്കും . അപ്പോഴവയ്ക്ക് ഒരായിരം നക്ഷത്രങ്ങളുടെ തിളക്കമായിരിക്കും. മുറി നിറയെ എന്റെ കയം നിറയെ നക്ഷത്രത്തിളക്കം.

ഒരഭിശപ്ത നിമിഷം കൊടുത്ത ദുരന്തത്തിൽ നിന്ന് രക്ഷനേടാൻ ബ്രിട്ടോ ഒരുക്കിയ ഈ മാനസികവ്യാപാരത്തെ ആത്മവിശ്വാസം എന്നു തന്നെയാണ് വിളിക്കേണ്ടത്. കാരിരുമ്പിന്റെ കരുത്തോടെ ബ്രിട്ടോയെ വീണ്ടും ജീവിതത്തിലേയ്ക്ക് വലിച്ചടിപ്പിക്കുകയാണാ ആത്മവിശ്വാസം. പത്തു വർഷത്തെ ഏകാന്ത ജീവിതത്തിനു ശേഷം എനിക്കു മനുഷ്യരെ കാണുന്നതു പേടിയായി. അപ്പോൾ എന്റെ ബന്ധുക്കളിൽ ചിലർ എന്നെ മറന്നു. കാലനു പോലും വേണ്ടാത്തവൻ കഷ്ടപ്പെടുത്താനായിട്ട് കിടക്കുന്നു അവരുടെ പറച്ചിലിന് ഞാൻ ചെവി കൊടുത്തില്ല. എന്റെ നക്ഷത്രങ്ങളയയ്ക്കുന്ന കത്തുകളിൽ ഞാൻ ആശ്വാസം കൊണ്ടു. ക്രമേണ എന്റെ പേടി മാറി. മരവിച്ചു തളർന്ന എന്റെ ഞരമ്പുകളനങ്ങിയതുപോലെ എന്നിലെ പോരാളി ഉണർന്നു. എനിക്ക് ആശ തന്നിട്ട് ഒളിച്ചിരിക്കുന്ന ഞരമ്പിനെ ഞാനുണർത്തും എന്നിട്ട് എന്റെ ദേഹം താങ്ങാനുള്ള കരുത്തുമായി വരാൻ ഞാൻ പറയും. അതിനാണ് എന്റെ ശ്രമം. എല്ലാ ദിവസവുമുള്ള വ്യായാമത്തിനു ശേഷം ഈ ഇരുമ്പു ചതുരവേലിയിൽ പിടിച്ച് പരസഹായമില്ലാതെ ഞാൻ നടക്കാൻ തുടങ്ങി. പാഴ് വസ്തുക്കളെന്ന് ഡോക്ടർമാർ പറഞ്ഞ കാലുകൾ നിലത്തുരച്ച് ബ്രിട്ടോ നടക്കുന്നത് ആത്മവിശ്വാസത്തിന്റെ കരുത്ത് നൽകിയ ദാനം മാത്രമാണെന്നേ പറയുവാൻ പറ്റൂ.

വിവാഹ ജീവിതം

ബ്രിട്ടോയുടെ ജീവിതകഥ തീ പുരട്ടിയ പോലെ ഇഴഞ്ഞ് അന്തരീക്ഷത്തെ പൊള്ളിക്കുമ്പോൾ ദേശാഭിമാനിയിലെ ജോലി കഴിഞ്ഞ് ഭാര്യ സീന എത്തി. ഞാൻ മനുഷരെ പേടിച്ച കാലത്ത് എന്നെ പ്രണയിച്ചതാണീ പെണ്ണ്. സീനയെ നോക്കി ബ്രിട്ടോ പറഞ്ഞു. തിരുവനന്തപുരം വിമെൻസ് കോളജിലെ ചെയർപേഴ്സണായിരിക്കെ കത്തുകളിലൂടെ ഞങ്ങളറിഞ്ഞു. എസ്.എഫ്.ഐയുടെ ഒരു കൺവെൻഷനിൽ പങ്കെടുക്കാൻ മഹാരാജാസിൽ വന്നപ്പോഴാണ് ഞങ്ങൾ പ്രണയെത്തെക്കുറിച്ചും അതിന്റെ വരും വരായ്കകളെക്കുറിച്ചും ആദ്യമായി സംസാരിച്ചത്. അരയ്ക്കു കീഴോട്ടു തളർന്ന എന്റെയൊപ്പം എല്ലാ മറിഞ്ഞു കൊണ്ട്, എന്തും നേടാമെന്ന കരുത്തോടെ സീന ഉറച്ചു നിന്നു. അങ്ങനെ 1993 ഒക്ടോബർ 15 ന് ഞങ്ങൾ വിവാഹിതരായി. എതിർപ്പുകളുടെ കുന്തമുനയിൽ നിന്നൊരു കല്യാണം ബിട്ടോ ചിരിച്ചു കൊണ്ടു പറഞ്ഞു.

ബാക്കി ഞാൻ പറയാമെന്ന മുഖവുരയോടെ സീന തുടർന്നു. എസ് .എഫ് .ഐ യുടെ പതിനേഴാം സംസ്ഥാന സമ്മേളനത്തിൽ വച്ചാണ് ബ്രിട്ടോയെന്ന വീരവ്യക്തിത്വത്തെ ഞാനാദ്യമായി കാണുന്നത്. പിന്നെ ഞാൻ ബ്രിട്ടോയെ പൂർണ്ണമായി മനസ്സിലാക്കി. ഭാവി തീരുമാനം എടുത്തു. വിവാഹം കഴിഞ്ഞ് 25 ദിവസം ഞങ്ങൾ മുഖത്തോടു മുഖം നോക്കിയിരുന്നു. എല്ലാവരും വെറുത്ത ഞങ്ങൾ ഭൂമിയിൽ തനിച്ചായതു പോലെ . ബന്ധുക്കളില്ല. അധികം സുഹൃത്തുക്കളുമില്ലാത്ത അവസ്ഥ. എന്തോ കഠിനമായ പാപം ചെയ്തവരെപ്പോലെ പലരും ഞങ്ങളെ കണ്ടു. പക്ഷേ, ജീവിതം പൂജ്യത്തിൽ നിന്നു തുടങ്ങാൻ ഞങ്ങൾ തീരുമാനിച്ചു ആ തേന്റേടം ഇന്നും ഞങ്ങൾക്കു കരുത്തു പകരുന്നു. പുറത്തു നിന്നു നോക്കുന്നവർക്കു ബ്രിട്ടോ ഒരു പാഴ്സ്തുവാണ്. തളർന്നു കിടക്കുന്ന ഒരാൾക്കു വേണ്ടി എന്തിനു ജീവിതം പാഴാക്കണം ? നിന്റെ ജീവിതം പോയില്ലേ? പലരുടേയും ചോദ്യങ്ങൾ ഇങ്ങനെ ആയിരുന്നു. ആരോഗ്യമുള്ള ഭർത്താവിനൊപ്പം ജീവിക്കുന്ന ഭാര്യമാർക്ക് ഇതിലും എത്രയോ ഇരട്ടി ദുഃഖമുണ്ടാകും .എനിക്ക് ബ്രിട്ടോ കൂട്ടുകാരനാണ്, വഴികാട്ടിയാണ് , സഖാവാണ് , അതിലെല്ലാമുപരി ബ്രിട്ടോയോട് എനിക്ക് അസൂയകലർന്ന ബഹുമാനമാണ് കേട്ടോ.

സീന അടുക്കള ജോലിയിലേയ്ക്ക് പോയി. മുറിക്ക് പുറത്തേയ്ക്ക് സൂഫി സംഗീതത്തിന്റെ അലകൾ ഒഴുകി വന്നു. അകത്തു മുറിയിൽ സൂഫിയുടേയും, ഭജൻസിന്റെയും കാസറ്റുകൾക്കിടയിലിരുന്ന് സംഗീതലോകം ആസ്വദിക്കുകയാണ് ബ്രിട്ടോ. വിവാഹം കഴിഞ്ഞപ്പോഴാണ് ഞാൻ ജീവിതത്തെക്കുറിച്ച് ആലോചിച്ചത്. ഭാര്യയെ പോറ്റണം , വീടുണ്ടാക്കണം , ചികിത്സയ്ക്ക് പണം വേണം. എന്റെ ചോദ്യം നീണ്ടു. മനസുത്തരം തന്നു. അങ്ങനെ കഴിഞ്ഞ ഒൻപതു വർഷമായി ഞാനൊരു എൽ.ഐ.സി. ഏജന്റാണ് ആ വരുമാനത്തിലൂടെ ഞാൻ എന്റെ ജീവിതം അധികം പരുക്കില്ലാതെ കൊണ്ടുപോകുന്നു. അരയ്ക്കു കീഴോട്ടു തളർന്ന ഞാനെങ്ങനെ ആൾക്കാരെ കണ്ടെത്തി പോളിസി എടുപ്പിക്കും. ഏജന്റായ വിവരം അറിഞ്ഞവർ ചോദിച്ചു. കഠിന ശ്രമമുണ്ടെങ്കിൽ എന്താ നടക്കാത്തത്.

പോളിസി എടുക്കാൻ എന്റെ നക്ഷത്രങ്ങളും സുഹൃത്തുക്കളും.....അതിൽ ഞാൻ ഇതേവരെ കണ്ടിട്ടില്ലാത്ത നിരവധിപേരുണ്ട് .അക്കൂട്ടത്തിൽ പെരുമ്പാവൂരിലെ അഷ്റഫും പെടും ഒരു ലക്ഷം രൂപയുടെ പോളിസി അഷറഫ് എടുത്തു. പിന്നെ ഈ നിമിഷം വരെ എന്റെ ക്ഷേമം അന്വേഷിച്ചു കൊണ്ട് നക്ഷത്രങ്ങളിൽ ഒരാളായി അഷറഫുമുണ്ട്.ചെറിയ വരുമാനമെത്തിതുടങ്ങിയപ്പോൾ,മഴയും ,നിലാവും,ഇടിയും,കൊള്ളിമീനുമോക്കെ എന്റെയിഷ്ടതിനുകാണാൻ ഒരു വീടുവേണമെന്ന ആഗ്രഹം വളർന്നു .കുടുംബത്തിന്റേതായി ഒരു സെന്റ് സ്ഥലം ചെളി നിറഞ്ഞകുളം പോലെ കിടപ്പുണ്ട്. പക്ഷേ, ആ കയത്തിലെങ്ങിനെ വീട് വയ്ക്കും ?

ആലോചിച്ചപ്പോൾ തന്നെ എന്റെ നക്ഷത്രങ്ങളിലൊന്നായ മാത്യൂസ് സഹായത്തിനെത്തി. കമ്യൂണിസ്റ്റായ പീലിക്കുട്ടിയുടെ മകനാണ് എഞ്ചിനീയറായ മാത്യൂസ്, ഒരു ലക്ഷം രൂപ ബഡ്ജറ്റിൽ വീട് പണി തുടങ്ങി.അഷറഫിന്റെ അളിയൻ സ്വന്തം ജീവിതതൃപ്തിക്കു വേണ്ടി കഥകെളെഴുതുന്ന ഷാജി തടി തന്നു. മായിൻകുട്ടി ഓട് തന്നു. ടെൻസിങ് തെങ്ങ് തടിയും ശ്രീമൂലനഗരത്തു നിന്ന് ഇഷ്ടികയും ലഭിച്ചു. എറണാകുളത്തെ പാർട്ടി ഏരിയ കമ്മറ്റിയും സഹായിച്ചു. മഹാരാജാസിലെ സുനിലും ഒക്കെ മുന്നിട്ടിറങ്ങിയപ്പോൾ എല്ലാം നോക്കി നടത്തി മാത്യൂസ് എന്റെ 'കയം " പൂർത്തീകരിച്ചു തന്നു. അതുവരെ വായിച്ചു കൂട്ടിയ പുസ്തകങ്ങളിൽ നിന്നുള്ള അറിവുമായി ഞാൻ ഒരു വിപ്ലവകാരിയുടെ കഥ നോവലായിഎഴുതി "അഗ്രഗാമി".2003ലെ അബുദാബി ശക്തി അവാർഡ് അഗ്രഗാമിക്കായിരുന്നു. "മഹാരൗദ്രം " എന്ന പുതിയ നോവൽ ഞാനെഴുതിക്കൊണ്ടിരിക്കുകയായിരുന്നു.

പറയാൻ ബാക്കിവച്ചത്

ഇന്ത്യയിലെ കാമ്പസ്സുകളിലെ കുട്ടികളിൽ നൂറിൽ നൂറും എസ്.എഫ് ഐ.അംഗമാക്കാമെന്ന ധാരണയിലാണ് ഞാൻ പ്രവർത്തനത്തിനിറങ്ങിയത്.അത് മൌഢ്യമാണെന്ന് മനസ്സിലാക്കാൻ പത്തുവർഷം വേണ്ടിവന്നു.അത് ഒരിക്കലും നടക്കാത്ത കാര്യമാണെന്ന് ലോകത്തിന്റെ പുനർവായനയിലാണ് എനിക്ക് മനസ്സിലായത്.നന്മ നിറഞ്ഞ ഒരു പൌരസമൂഹമാണ് എന്റെ വലിയ ലോകം



കെ. പി. എ. സി. സുലോചന

അടുത്ത ലക്കത്തിൽ

3

പൊന്നരിവാളമ്പിളികൾ തീർത്ത വാനമ്പാടി



ബിനുക്കുട്ടൻ കീഴില്ലം
കെയർടേക്കർ.
ശ്രീ ചിത്ര ആർട്ട്
ഗ്യാലറി
തിരുവനന്തപുരം

നവോത്ഥാനം ചിത്രകലയിലൂടെ....

1848 എപ്രിൽ 26നാണ് ഇന്ത്യൻ ചിത്രകലയിലെ എക്കാലത്തെയും അതികായനായ രാജരവിവർമ്മ കിളിമാനൂർ കൊട്ടാരത്തിലാണ് ജനിച്ചത്.പിന്നീട് രവിവർമ്മ ചിത്രങ്ങളെപ്പോലെ ഇന്ത്യൻ ജനതയുടെ സംസ്ക്കാരത്തിൽ,ദൃശ്യഭാഷയിൽ,വീക്ഷണകോൺ സൃഷ്ടിച്ച മറ്റൊരു കലാകാരൻ ഇല്ലെന്നു തന്നെ പറയാം.ഇന്ത്യൻ സിനിമയിലും,നാടകങ്ങളിലും രവിവർമ്മ ചിത്രങ്ങളിലെ ലൈറ്റിംഗ് രീതിയാണ് നാളിതുവരെ പിൻതുടരുന്നത്.ഒരു സ്ഥലത്ത് കഥാപാത്രങ്ങളെ എങ്ങനെ കത്യമായി അടുക്കിവയ്ക്കാം എന്ന് രവിവർമ്മ ചിത്രങ്ങൾ കാണിച്ചുതരുന്നു.

അതുവരെ ഉണ്ടായിരുന്ന ചിത്രസങ്കല്പങ്ങളെ തകർത്തെറിഞ്ഞുകൊണ്ട് റിയലിസത്തിന്റെ യഥാർത്ഥ പ്രതീതി ജനിപ്പിക്കുന്ന രചനാ സമ്പ്രദായം കൊണ്ടുവരിക മാത്രമല്ല അദ്ദേഹം ചെയ്തത്.നാൽക്കാലികളെക്കാൾ ദുഷ്ക്കരമായ അവസ്ഥയിൽ ജീവിച്ച കീഴാളരെ ചിത്രീകരിക്കുക വഴി അവരുടെ ജീവിതവും അടയാളപ്പെടുത്തുകയുണ്ടായി.

ദ്രൌപതി വിരാട സദസ്സിൽ എന്ന ചിത്രത്തിൽ കീചകന്റെ ശല്യം സഹിയ്ക്കവയ്യാതെ,വിരാടരാജാവിന്റെ സദസ്സിൽ വെറുനിലത്ത് കിടന്ന് ആവലാതി ബോധിപ്പിക്കുന്ന ദ്രൌപതിയെയാണ് രവിവർമ്മ ചിത്രീകരിച്ചിരിക്കുന്നത്.പാണ്ഡവരുടെ ധർമ്മപത്നിയെന്ന നിലയ്ക്കലാതെ ദ്രൌപതിയെ ഒരു സ്ത്രീ എന്ന നിലയിൽ തന്നെ നിരന്തരം തന്നെ വേട്ടയാടുന്ന കീചകനെക്കുറിച്ച് ഭരണകൂടത്തോട് പരാതി പറയുന്ന സ്ത്രീയായി രവിവർമ്മ ചിത്രീകരിച്ചത് ഇന്നിന്റെ നേർക്കാഴ്ചയായി മാറുന്നുണ്ട്.വിരാടരാജാവാകട്ടെ ഉദാസീനതയോടെ മുഖം തിരിക്കുന്നു എന്നതും ചിത്രത്തിന്റെ പ്രത്യേകതയാണ്.രവിവർമ്മ സ്ത്രീപക്ഷ രചന നടത്തുക മാത്രമല്ല അക്കാലഘട്ടത്തിൽ തന്റെ നിറങ്ങളും ബ്രഷും ഉപയോഗിച്ച് നടത്തിയ പോരാട്ടങ്ങളും ചെറുതല്ല.

കലാസൃഷ്ടികൾ ക്ക് സാമൂഹികമായും വളരെ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ് രവിവർമ്മാ ചിത്രങ്ങൾ" ഇന്ന് ഞാനിവിടെ പറയുന്നത് അദ്ദേഹത്തിന്റെ ചിത്രങ്ങളെക്കുറിച്ചല്ല ചരിത്രം രവിവർമ്മയെ സാധാരണയായീ ചിത്രകാരൻമാരുടെ പട്ടികയിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളൂ.**1848** മുതൽ **1906** വരെയുള്ള അദ്ദേഹത്തിന്റെ സംഭവബഹുലമായ കലാജീവിതത്തിൽ രവിവർമ്മാ ചിത്രങ്ങൾ കടന്ന് പോയത് കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിനൊപ്പമാണ്.

ശ്രീചിത്തിര തിരുനാൾ മഹാരാജാവ് **1936** നവംബർ **12**നാണ് ദളിതർക്കും മറ്റ് അവർണ്ണ സമുദായക്കാർക്കുമായീക്ഷേത്രപ്ര വേശന വിളംബരം നടത്തുന്നത്. എന്നാൽ രാജാ രവിവർമ്മ വളരെ യഥാർത്ഥ്യ പ്രതീതിയോടെ മനുഷ്യ രൂപത്തിൽ ഹിന്ദു ദേവീദേവൻമാരുടെ ചിത്രങ്ങൾ അതിലും നാലു ദശാബ്ദത്തിന് മുൻപേ രചിക്കുകയും ബോബെയിലെ തന്റെ ലിത്തോഗ്രാഫി പ്രിൻറിംഗ് പ്രസ്സു വഴി ആയിരക്കണക്കിന് പ്രിൻറുകൾ ഇന്ത്യ ഒട്ടാകെ കുറഞ്ഞ പൈസയ്ക്ക് വിറ്റഴിക്കുകയും ചെയ്തു ഇതു വഴി ദളിതരുൾപ്പെടുന്ന ഒരു സമൂഹ ക്ഷേത്രത്തിൽ പ്രവേശനമില്ലാതെ ഇരുന്ന കാലത്ത് ഈ ചിത്രങ്ങൾ വാങ്ങിയ്ക്കാനും തങ്ങളുടെ വീട്ടിൽ കൊണ്ടം പോയീവിളക്ക് തെളിയിച്ച് പ്രാർത്ഥിക്കാനും കഴിഞ്ഞു ... അങ്ങനെ ക്ഷേത്രത്തിൽ ചെന്ന് ദേവതകളെ കാണാൻ സാധിക്കാത്തവരെ തേടീ ദൈവങ്ങൾ അവരുടെ വീടുകളിലേയ്ക്കു വന്നു."





കേരളത്തിലെ വനിതകൾക്ക് ജാതി വ്യവസ്ഥിതിയിലൂന്നിയ ആ കാലഘട്ടത്തിൽ സ്വന്തമായീ ഏകീകരണ സ്വഭാവമുള്ള ഒരു വസ്ത്രധാരണ സമ്പ്രദായം ഉണ്ടായിരുന്നില്ല. പലപ്പോഴും കീഴ്ജാതിയിൽപ്പെട്ട സത്രീകൾ മേൽമുണ്ട് പുതച്ചാൽ പോലും കൊടും പാതകമായീ കണക്കാക്കീയിരുന്നു. 1915ൽ കേരളത്തിലെ സ്ത്രീ വസ്ത്രധാരണവ്യവസ്ഥിതിയെ പിടിച്ചല്ലച്ച കല്ലുമാല സമരം എടുത്ത് പറയേണ്ടതാണ്.

1870 ഓടെയാണ് രവിവർമ്മയുടെ പ്രധാന കലാസൃഷ്ടികൾ പിറവിയെടുക്കന്നത്. സ്വന്തമായീ നഗ്നത മറയ്ക്കാൻ അവകാശമില്ലാതിരുന്ന ഒരു ജനതയ്ക്ക് മുന്നിലേയ്ക്കാണ് രവിവർമ്മ ചിത്രങ്ങളിലെ നായികമാർ സാരീ ഉടുത്ത് പ്രത്യക്ഷപ്പെടുന്നത്.ഇന്ത്യയിൽ ആകമാനം യാത്ര ചെയ്ത രവിവർമ്മ രൂപകല്പന ചെയ്തതാണ് സാരീ .കേരളീയ ആ കാരത്തോടുള്ള യ സുന്ദരിയായ സരസ്വതീ ദേവീ കസവുള്ള സെറ്റു സാരീ യും ധരിച്ചാണ് താമരയിൽ ഇരിക്കുന്നത്. നൂറ്റാണ്ടുകളായീ വസ്ത്രം ധരിക്കുന്നതിന് സമരം നടന്നിരുന്ന മണ്ണിൽ രവിവർമ്മ കൊണ്ടുവന്ന വസ്ത്രധാരണ രീതീ ഒരു ജാതീ വിഭാഗത്തിന്റെയും സ്വന്തമായിരുന്നില്ല. അത്തരത്തിലാണ് സാരീ പതിയെ സാർവ്വത്രികമായിത്തീരുന്നത്.

ഇന്ന് കേരളത്തിലെ സ്ത്രീകളുടെ അഭിമാന വസ്ത്രമാണ് സാരീ .ഇത്തരത്തിൽ നിരവധി സാമൂഹിക പരിഷ്കാരങ്ങൾക്ക് രവിവർമ്മ ചിത്രങ്ങൾ കാരണമാവുകയുണ്ടായീ'രാജാ രവിവർമ്മ തന്റെ ചായങ്ങളും ബ്രഷും കൊണ്ട് നടത്തിയ വിപ്ലവങ്ങളെയും കലാപങ്ങളെയും ഇനിയും കേരള സമൂഹം വേണ്ട രീതിയിൽ അടയാളപ്പെടുത്തിയിട്ടുണ്ടോ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു.''



ഭാഗ്യവാന്മാർ

കവിത

റഹ്മത്തുള്ള പി. കെ
തൃശ്ശൂർ

പ്രണയത്തിൽ വിടർന്ന
പൂവിനെ
ചവിട്ടിയരക്കുമ്പോൾ
അയിലെ
സുഗന്ധമാകുന്നവർ

നഷ്ടപ്പെട്ട
വസന്തത്തെയോർത്തിരുന്ന്
സ്വയം വസന്തമായിത്തീർന്ന്
മറ്റൊരാളുടെ
ഉദ്യാനമാകുന്നവർ

മൊഴിയും മുമ്പേ
മടിപിടിച്ച ചുണ്ടുകളേക്കാൾ
പ്രണയമെന്ന കവിതയെ
നിലാവും
കിനാവുമാക്കിയവർ





റവ. ഫാ. ജെസ് വിൻ യെദി ചാക്കോ
. മിഷണറി ഛത്തീസ്ഗഡ്
9526250759

സ്ത്രീകൾ നിശബ്ദരാക്കപ്പെടുമ്പോൾ

ലേഖനം

മാർച്ച് 8 അന്താരാഷ്ട്ര വനിതദിനമായി കൊണ്ടാടുന്നതിന് പിന്നിൽ ന്യൂയോർക്കിലെ സ്ത്രീകളുടെ ഐതിഹാസിക പ്രക്ഷോഭത്തിന്റെ ചരിത്രമുണ്ട്.ഈ പ്രക്ഷോഭത്തോടെയാണ് വനിതാ ദിനത്തിന് തുടക്കമാകുന്നത്.1857 മാർച്ച് 8 ന്യൂയോർക്കിലെ തുണിമില്ലുകളിൽ ജോലി ചെയ്തിരുന്ന സ്ത്രീകൾ മുതലാളിത്തത്തിനെതിരെ സമരം ചെയ്തു.വോട്ടു ചെയ്യാനുള്ള അവകാശത്തിനുവേണ്ടിയും, ജോലി സമയം കുറയ്ക്കുവാനും,കുറഞ്ഞ വേതനത്തിനുമെതിരെയായിരുന്നു -പ്രക്ഷോഭം.ആദ്യമായിരുന്നു സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി സംഘടിത ശക്തിയായി പ്രക്ഷോഭതിനിറങ്ങുന്നത്. ഇതിന്റെ ചുവട് പിടിച്ച് ലോകമെമ്പാടും പ്രക്ഷോഭങ്ങള് അരങ്ങേറി.

1975 ൽ ഐക്യരാഷ്ട്രസഭ മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമായി പ്രഖ്യാപിച്ചു. ആദ്യകാലങ്ങളിൽ സോഷ്യലിസ്റ്റുകളുടെ പരിപാടിയായി മാത്രം കണ്ടിരുന്ന വനിതാദിനം കാലക്രമേണ ആഗോളതലത്തിൽ സ്ത്രീകളുടെ ദിനമായി ആചാരിക്കുകയായിരുന്നു. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായ ഒരു മികച്ച നാഴികക്കല്ല് തന്നെയാണ് അന്തരാഷ്ട്ര വനിതാദിനാചാരണം. ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം , രാഷ്ട്രീയം, തൊഴിൽ, കുടുംബം, തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ നേടിയ മുന്നേറ്റത്തിന്റെ ഓർമപ്പെടുത്തൽ കൂടിയാണ് ഈ ദിവസം.

പുരുഷാധിപത്യ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ശാരീരികവും, മാനസീകവും, സാമൂഹികവുമായ ശാക്തീകരണം (Empowerment) ഇതിന്റെ ഭാഗമാണ് ലിംഗസമത്വം (Genter Equality), ലിംഗനീതി,തുടങ്ങിയ ആശയങ്ങൾ ഇതുമായി ബന്ധപ്പെട്ടു ഉയർത്തി പിടിക്കാറുണ്ട് . സ്ത്രീകളോടുള്ള വിവേചനവും (Descrimination) അതിക്രമങ്ങളും അവസ്സാനിപ്പിക്കുക എന്നതും അന്താരാഷ്ട്ര വനിതാദിനാചാരണത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ് .

''നിശബ്ദരാക്കപ്പെടുമ്പോൾ മാത്രമാണ് ശബ്ദങ്ങളുടെ പ്രാധാന്യം നമ്മൾ തിരിച്ചറിയുന്നത്.''-മലാല യൂസഫ് സായിയുടെ വാക്കുകൾ,നിശബ്ദമാക്കപ്പെടുന്ന ഇടങ്ങൾ പുതുനേട്ടത്തിന്റെ,പുതു ശബ്ദത്തിന് വാതിൽ തുറക്കപ്പെടുകയാണ്.മാറ്റിനിറത്തപ്പെടുന്ന,ഇല്ലാതാക്കുന്ന ശ്രമങ്ങളെ പരാജയപ്പെടുത്താൻ പുതുമുന്നേറ്റ ഇടങ്ങളാൽ സാധ്യമായിത്തീരണം

മനുഷ്യൻ എന്ന നാണയത്തിന്റെ രണ്ടു വശങ്ങളാണ്,സ്ത്രീയും പുരുഷനും.എന്നാൽ സ്വന്തം ഭവനങ്ങളിൽ നിന്ന് തന്നെ വേർതിരുവുകൾ ആരംഭിക്കുന്നു.ചെയ്യാൻ കഴിയുന്ന,ചെയ്യാൻ പാടില്ല,എന്ന വേർതിരിവുകൾ ഏറ്റവും കൂടുതൽ ഈ പ്രയോഗത്തിന് ഭാഗമാകേണ്ടിവരുന്നത് സ്ത്രീകൾ തന്നെയാണ്.ഈ വേർതിരിവുകൾ സ്ത്രീകളുടെ കഴിവുകളെ,നേട്ടങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഘടകങ്ങളാണ്.ഇത് തുടർച്ചയായി സമൂഹത്തിൽ നിന്ന് തന്നെ സ്ത്രീകളെ തങ്ങളുടെ നന്മകളെ തിരിച്ചറിയുന്നതിൽ നിന്നു പുറകോട്ടു വലിക്കുന്നു.ഇതിന് ഒരു മാറ്റം അനിവാര്യമാണ്.

ഈ കാലഘട്ടത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ വിദ്യാഭ്യാസപരമായി വളർന്നു കഴിഞ്ഞിരിക്കുന്നു.എന്നാൽ ഇപ്പോഴും അവരുടെ യോഗ്യതകൾ മനസ്സിലാക്കാതെ അവരെ തിരിച്ചറിയാതെ മാറ്റി നിർത്തപ്പെടുന്ന നിരവധി മേഖലകൾ എല്ലാ ഇടങ്ങളിലും കാണുവാൻ കഴിയുന്നുവെന്നത് പരമാർത്ഥമായ സത്യമാണ്.

ഒരു അമ്മ പ്രസവ സമയത്ത് അനുഭവിക്കുന്ന വേദന 42(Dal)ആണ്,അതായത് മരണവേദനയേക്കാൾ തുല്യം,സകല അസ്ഥികളും നുറുങ്ങുന്ന വേദന ഇങ്ങനെ സഹിക്കുന്ന ഒരു അമ്മയ്ക്ക് അവരുടെ ലക്ഷ്യങ്ങളിലേക്ക് എത്തിപ്പെടാൻ എന്തുകൊണ്ട് പലകാര്യങ്ങളും സഹിച്ചുകൂടാ,ലക്ഷ്യബോധം മറക്കുവാൻ പ്രേരിപ്പിക്കാൻ ഇടയാകേണ്ടിവരുന്ന നിരവധി വെല്ലുവിളികൾ സ്ത്രീകൾ ഇന്നും അനുഭവിക്കുന്നു.പീഢന പരമ്പരകൾ ഇന്നും സ്ത്രീകൾക്കു നേരെ വർദ്ധിച്ചു വരുന്നു.നേടിയെടുത്ത അവകാശങ്ങൾ സംരക്ഷിക്കേണ്ട സ്ഥാനത്ത് അവയെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ ഒരുമിച്ച് ചേർന്ന് ശക്തമായി പരാജയപ്പെടുത്തുവാൻ കഴിയണം.

ഒരു സ്ത്രീ ഏറ്റവും അധികം ആഗ്രഹിക്കുന്നത് സുരക്ഷയാകാം. പക്ഷേ, യഥാർത്ഥത്തിൽ അർഹിക്കുന്നത് ബഹുമാനമാണ്. വാക്കിലും നോക്കിലും പ്രവർത്തിയിലും എവിടെ സ്ത്രീ ആദരിക്കപ്പെടുന്നുവോ അവിടെ സ്ത്രീകൾ സുരക്ഷിതയാണ്. ഇരയാകുന്നതിന് പകരം സ്ത്രീകൾ ആദരിക്കപ്പെടട്ടെ, മെഴുകുതിരി ജാഥകൾ ആവർത്തിക്കപ്പെടാതിരിക്കട്ടെ.

കൈക്കുഞ്ഞുമായി ബസിൽ കയറുന്ന ഏതൊരു സ്ത്രീയും ആദ്യം നോക്കുന്നത് പുരുഷന്മാരുടെ സീറ്റിലേക്ക് ആയിരിക്കും, കാരണം, അവർക്കൊരു വിശ്വാസമുണ്ട് സ്ത്രീകൾ എഴുന്നേറ്റില്ലെങ്കിലും പുരുഷന്മാർ എഴുന്നേൽ ക്കുമെന്ന്. തുല്യത നല്കുക എന്നതല്ല, തുല്യത അവകാശമാണ് അത് നേടുക എന്നതാണ് പ്രധാനം. സഹോദരി, കൂട്ടുകാരി, സഹധർമ്മിണി മകൾ.. എല്ലാ നന്മകളും പെണ്ണാണ്. അമ്മപ്പോലും.. വി. മദർ തെരേസയുടെ വാക്കുകൾ ഇപ്രകാരം. "നേതാക്കൾക്കായി കാത്തിരിക്കാരുത്, തനിയെ ചെയ്യുക. ഒരാളിൽനിന്നും മറ്റൊരാളിലേക്ക് ചെറിയ കാര്യങ്ങളില് പോലും വിശ്വസിക്കുക. കാരണം, അതാണ്, നിങ്ങളുടെ ശക്തിയുടെ ഉറവിടം." ശക്തിയായി മാറുക അത് അത്രേം വരുവാനുള്ള തിന്മകളുടെ കാഠിന്യത്തെ ഇല്ലാതാക്കുന്നു. ഇതാകട്ടെ വനിതാദിനം. കഴിഞ്ഞുപോയതിനെക്കുറിച്ച് മാത്രമല്ല, എല്ലാദിനവും പുതിയ ഓർമപ്പെടുത്തലുകളാൽ നിറയുന്നതാകട്ടെ.

മകൻ : ഹാപ്പി വുമൺസ്ഡേ അമ്മേ....

അമ്മ : നീ പോയേ.. എനിക്ക് അടുക്കളയിൽ ഒരുപാട് ജോലികൾ തീർക്കാനുണ്ട്. അവൻ അതിന്റെ ഇടയ്ക്ക് വന്നിരിക്കുന്നു...

അതെ! ഈ വനിതയ്ക്ക് എല്ലാദിനവും തിരക്കാണ്.

Happy WOMEN'S DAY

നീ എതിർക്കുക.! ചെറുക്കുക.! ഓരോ അനീതിയും...
അഭിമാനിക്കുക! പെണ്ണായി ജനിച്ചതിൽ....





മായദേവി പി.സി
പ്രസിഡന്റ് അക്ഷര വനിതാ വേദി

സ്ത്രീ സമൂഹം നേരിടുന്ന വെല്ലുവിളികൾ

ലേഖനം

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ സ്ത്രീ സമത്വത്തിന്റെ ആവശ്യകത എടുത്തു കാണിക്കുന്നു.243-അനുഛേദം സ്ത്രീകളുടെ അവകാശങ്ങൾ ,ഭരണസമതികളിൽ സ്ത്രീസമത്വം ഉറപ്പാക്കാൻ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നു.എന്നാൽ മനുഷ്യമനസാക്ഷിയെ ഞെട്ടിച്ച സംഭവങ്ങളാണ് അടുത്തയിടെ കേരളത്തിൽ നിന്നുപോലും കാണാൻ കഴിയുന്നുത്. പൌരാവകാശമുള്ള വ്യക്തി എന്ന നിലയ്ക്ക് പകരം ഗാർഹികവും ലൈംഗികവുമായ ചുമതലകൾ നിർവ്വഹിക്കേണ്ട ശരീരം എന്ന നിലയിലേക്കുള്ള അധ;പതനമാണ് സ്ത്രീകൾക്ക് എതിരേയുള്ള അക്രമങ്ങളുടെ അടിത്തറ.ഏറ്റവും പുതിയ കണക്ക് അനുസരിച്ച് ഓരോ 16മിനിറ്റിലും ഒരും സ്ത്രീ വീതം പീഢനത്തിന് ഇരയാകുന്നു.ഇതിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ വരെയുണ്ട്.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ നോക്കുമ്പോൾ ദളിത് പൊൺകുട്ടികൾ ഏറെയും പീഢനത്തിന് ഇരയാകുന്നു.ഹഥ്റാസിലെ രോഷാഗ്നി കെട്ടടങ്ങും മുൻപ് അതേ ജില്ലയിൽ സമാനകേസ് ആവർത്തിക്കുകയാണ് ഉണ്ടായത്.കേരളത്തിൽ സൂര്യനെല്ലിയും, വാളയാറും അടക്കമുള്ള പീഢനക്കേസുകൾ സാംസ്ക്കാരിക കേരളത്തിന് അപമാനമാകുന്നു.വെളിച്ചം കാണാത്ത എത്രയോ കേസുകൾ വേറെയും.സ്ത്രീയായി ജനിക്കുന്നതോടെ തന്നെ പ്രതിരോധം ഒരു ബാധ്യതയായി മാറുന്നു.

ഇതിനിടയിലും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അനേകം നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.സ്ത്രീകൾ സ്ത്രീകൾക്കുവേണ്ടി നിലകൊള്ളുമ്പോൾ മാത്രമാണ് ശക്തമായ പിന്തുണ സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിയുന്നത്.പ്രശ്നങ്ങൾക്കു മുൻപിൽ മൌനം പാലിക്കാതെ അനുകൂല നിലപാട് കൈക്കൊളളാൻ സ്ത്രീകൾ തന്നെ മുന്നോട്ടു വരണം.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 50%സ്ത്രീ സംവരണം,തൊഴിലുറപ്പ്,കുടുംബശ്രീ എന്നിവയിലൂടെ സ്ത്രീകളെ സാമൂഹികവും സാമ്പത്തികവും ശാക്തീകരിക്കുന്നു.

സ്ത്രീകൾക്ക് എതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ചെറുക്കുന്നതിന് കേന്ദ്രസർക്കാർ രൂപം നല്കിയ പദ്ധതിയാണ് നിർഭയ.വനിതാ ശിശുക്ഷേമ മന്ത്രാലയമാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.എന്നാൽ ഇത്തരം പദ്ധതികളുടെ പ്രയോജനം സ്ത്രീകൾക്ക് ലഭ്യമാകണമെങ്കിൽ ഇതിനെ സംബന്ധിച്ച അറിവുകൾ സ്വായത്വമാക്കണം.

സ്ത്രീകൾക്കുവേണ്ടി ശക്തമായ നിയമങ്ങൾ ഉണ്ടെങ്കിലും അവർക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നു.ഇതിന് തടയിടണമെങ്കിൽ സ്ത്രീകൾ തന്നെ മുന്നോട്ടുവരണം.

വേർപാട്



നന്ദു

കവിത

#പ്രിയ_സഖി_തൻ_വേർപാട്..
നിന്റെ കാർകൂന്തലഴകിൽ
കണ്ണുവെക്കാത്തവരായ്ആരുണ്ട് പ്രിയേ..
കണ്ണീരിയിൽ ചാലിച്ച കരിമഷിയുംകണ്ണുനീർ
പോലെ

തന്നെ തെളിഞ്ഞ മുക്കുത്തിയും നിനക്ക് നന്നേ
ചേരുന്നു..എന്നിട്ടും നിന്നിൽ എന്തോ ഒരു കുറവ്
ഞാൻ കണ്ടുഅതേ..അത് നിന്റെപുഞ്ചിരി
ആയിരുന്നു..

ചുവന്ന ചേലചുറ്റിസിന്ധുരവും
തൊട്ട് ചുണ്ടിൽ ഒരുചെറു പുഞ്ചിരിയുമായി
കാലത്ത് അമ്പലത്തിൽ
പോയ് വറാറുള്ള നിന്നെ കണ്ടുണരുന്ന-

എനിക്ക് നിന്നെ ഇങ്ങനെകാണുവാൻ
കഴിയുന്നില്ല എന്നും എന്നെക്കൊണ്ട്
തൊടുവിക്കാറുള്ള ആ..
മംഗല്യ തിലകം ഞാൻ
അവസാനമായ്
ഒന്ന് തൊടുവിച്ചോട്ടെ.,

നിന്റെ കണ്ണുകൾനിറയുന്നുവോ..?
പ്രിയേ..നിറഞ്ഞിട്ടില്ല,
അതുംഎന്റെ തോന്നലായിരുന്നു..

പട്ടിൽ പൊതിഞ്ഞ് തെക്കേ
തൊടിയിലേക്കെടുത്തപ്പോഴും,കണ്ണു
കനിഞ്ഞില്ല കണ്ണുനീർ പൊഴിഞ്ഞില്ല.

എഴുത്തിനെ പ്രണയിച്ചവൻ

കഥയുടെ കഥ



ജോസ് പാത്താമുട്ടം

കാടും മേടും താണ്ടി, പച്ച ചിറക് വിരിച്ച് പാറിവന്ന് പച്ചത്തത്ത പറങ്കി മാവിൻ കൊമ്പിലിരുന്നു.

കുന്നും മലയും ചുറ്റി, കുഞ്ഞിചിറകുകൾ വീശി കുരുവിക്കൂട്ടം നാട്ടുമാവിൻ കൊമ്പിലിരുന്ന് കലപില കൂട്ടി.

പൂവും കായും തേടി പൂമ്പാറ്റ നന്ത്യാർവട്ട ചെടിക്കുചുറ്റും വട്ടം കറങ്ങി.

തിരയും തീരവും പിന്നിട്ട് ദേശാടനക്കിളികൾ തൊടിയിൽ പകച്ചുനിന്നു.

കായലും കരയും, കടന്നെത്തി കൊറ്റികൾ
പാടവരമ്പത്തിരുന്ന്
എത്തിനോക്കി.



നാടുംനഗരവും കണ്ട, അണ്ണാറക്കണ്ണൻ തേൻവരിക്കപ്ലാവിൽ തേൻതേടി.

വരാന്തയിൽ തനിച്ചിരുന്ന പെൺകുട്ടി
എല്ലാം കാണുകയായിരുന്നു.

അവൾ പച്ചത്തത്ത
യോട് ചോദിച്ചു.

"തത്തമ്മേ.... തത്തമ്മേ
എനിക്ക്... ഒരു കഥ പറ
ഞ്ഞു തരുവോ..."?
അവൾ കുരുവിയോട് ചോദിച്ചു,

" കുരുവി.... കുരുവി... എനിക്ക് ഒരു കഥ "?

അവൾ പൂമ്പാറ്റയോട് ചോദിച്ചു.

"പൂമ്പാറ്റേ... പൂമ്പാറ്റേ എനിക്ക്...?

അവൾ ദേശാടനക്കിളിയോട് ചോദിച്ചു.

കിളിയേ .... കിളിയേ...
ഒരു കഥ..?

അവൾ കൊറ്റികളോടും
കഥ ചോദിച്ചു.

പച്ചതത്ത കാടിന്റെയും
മേടിന്റെയും കഥ പറഞ്ഞു.

കുരുവി കുന്നിന്റെയും മലയുടെയും കഥ പറഞ്ഞു.

പൂമ്പാറ്റ പൂവിന്റെയും കായുടെയും കഥപറഞ്ഞു.

ദേശാടനക്കിളികൾ ദേശങ്ങളുടെ കഥപറഞ്ഞു.

വെള്ളക്കൊറ്റികൾ കായലിന്റെയും കരയുടെയും കഥ പറഞ്ഞു.

കഥയായകഥയെല്ലാം കേട്ടുകഴിഞ്ഞപ്പോൾ അവൾക്ക് പേടിയായി.

കഥയത്രയും ചതിയുടെയും വഞ്ചനയുടെതും ആയിരുന്നു. കൊല്ലുംകൊലയുടേതും ആയിരുന്നു. ദുഃ ഖവും കണ്ണുനിരും നിറഞ്ഞതായിരുന്നു.
ശാപത്തിന്റെയും നെടുവിർപ്പുകളുടേതുമായിരുന്നു.

കഥകളെല്ലാം അവളിൽ ആധിയും ആശങ്കയും നിറച്ചു.

അവൾ തേൻവരിക്ക പ്ലാവിലേക്ക് നോക്കി ചോദിച്ചു.

"അണ്ണാറക്കണ്ണാ .... അണ്ണാറക്കണ്ണാ... എനിക്ക്ഒരു കഥ പറഞ്ഞുതരുമോ? സ്നേഹത്തിന്റെയും കരുതലിന്റെയും നേരിന്റെയും നെറിയുടെയും മധുരമുള്ള ഒരു കഥ.

അണ്ണാറക്കണ്ണൻ ചോദിച്ചു.

കുട്ടി, സ്നേഹത്തിന്റെയും കരൂതലിന്റെയും കഥകൾ പറഞ്ഞുതരാൻ നിനക്ക് അമ്മയില്ലേ.നേരിന്റെയും, നെറിയുടെയും മധുരമുള്ള കഥ പറയാൻ നിനക്ക് മുത്തശ്ശിയില്ലേ..?

അവൾ പറഞ്ഞു.

"എനിക്ക് അമ്മയും, മുത്തശ്ശിയും ഉണ്ട്. അവർ അകത്തിരുന്ന് 'സീരിയൽ '
കാണുന്ന തിരക്കിലാണ്."

"നീ... എന്റെ... മകന്റെ...
കൂടെ..അധികനാൾസുഖിച്ചു വാഴാമെന്ന് കരുതേണ്ടെടി മൂധേവി. നിന്നെ ഞാൻ... പച്ചയ്ക്ക് കത്തിക്കും...."

അകത്തുനിന്നുള്ള ശബ്ദം ഒരു മുഴുക്കത്തോടെ പെൺകുട്ടിയുടെ കാതിൽ
പതിഞ്ഞു. അവൾ ഞെട്ടി.

പേടിയോടെ വാതലിനോളം ചെന്ന് അകത്തേയ്ക്ക് ചാഞ്ഞു നോക്കി. അമ്മയും മുത്തശ്ശിയും ടിവിയിൽ നോക്കി മിണ്ടാതിരിക്കുകയായിരുന്നു. അവർ രണ്ടാളും പെൺകുട്ടിയെ കണ്ടില്ല. അവരുടെ മുഖം വലിഞ്ഞമുറുകിയിരുന്നു.
അവൾ കേട്ട ശബ്ദം സീരിയലിലെ അമ്മായിഅമ്മയുടേതായിരുന്നു.

പെൺകുട്ടി തിരിഞ്ഞ് പിന്നെയും വരാന്തയിൽ ചെന്നിരുന്നു.





ലേഖനം

കാർഷികവൃത്തി രാജ്യത്തിന്റെ അഭിവൃത്തി

പി.എം ചാക്കോ

കർഷകർ ഏതൊരു നാടിൻെറയും നട്ടെല്ലാണ്.അവർ സമൂഹത്തിലെ ഒന്നാംകിട പൌരന്മാരായി പരിഗണിക്കപ്പെടേണ്ടവരാണ്.എന്നാൽ ദൌർഭാഗ്യകരമെന്നു പറയട്ടെ അവരെ നാലാംകിട പൌരന്മാരായിപോലും അംഗീകരിക്കാൻ തയ്യാറായിട്ടില്ല പ്രത്യേകിച്ച് ഇൻഡ്യൻ സമൂഹത്തിലെ ഉപരിവർഗ്ഗവും അവരുടെ വിനീത ദാസന്മാരായ ഭരണാധികാരി വർഗ്ഗവും ഇന്ത്യയിലെ ജനസംഖ്യയിൽ ഒരു ന്യൂനപക്ഷം വരുന്ന കർഷകരാണ് ഭൂരിപക്ഷംവരുന്ന ജനങ്ങളെ തീറ്റിപ്പോറ്റുന്നതിനാവശ്യമായ ഭക്ഷ്യവസ്തുകൾ ഉല്പ്പാദിപ്പിക്കുന്നത്.



ഇന്ത്യൻ കർഷകർ പണ്ടുമുതലെ നിരവധി പ്രതിസന്ധികളിലൂടെ അഭിമുഖീകരിച്ചുകൊണ്ടാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്.പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിയാതെ വരുന്ന ഘട്ടങ്ങളിൽ കർഷകർ ആത്മഹത്യയിൽ അഭയം തേടുന്ന അതിദയനീയമായ കാഴ്ച നാം കുറെ വർഷങ്ങളായി കണ്ടു കൊണ്ടിരിക്കുകയാണ്.ഈ സാഹചര്യം അഭംഗുരം തുടരുമ്പോഴാണ് കർഷകരെ സഹായിക്കാനെന്ന വ്യാജേന കർഷകരെ ദ്രോഹിക്കാനുതകുന്ന മൂന്ന് കാർഷിക നിയമങ്ങളാണ് ജനാധിപത്യത്തിൻെറ ശ്രീകോവിലായ പാർമെന്റിൽ വേണ്ടത്ര ചർച്ചകൾക്കു വിധേയമാക്കാതെയും വോട്ടെടുപ്പു കൂടാതെയുമാണ് നരേന്ദ്രമോദി നേത്രത്വം നല്കുന്ന കേന്ദ്രസർക്കാർ പാസ്സാക്കിയിരിക്കുന്നത്.

2020സെപ്തംബർ അവസാനവാരം പ്രതിപക്ഷകക്ഷികളുടെ പ്രതിഷേധ സ്വരങ്ങളെ പൂർണ്ണമായി അവഗണിച്ചുകൊണ്ട് ഇന്ത്യയുടെ പ്രസിഡന്റ് രാംനാഥ് ഗോവിന്ദ് കാർഷിക ബില്ലുകളിൽ കൈയൊപ്പു ചാർത്തിയതോടെ നിയമം പ്രാബല്യത്തിലായി.ആ കാർഷിക നിയമങ്ങൾക്കുള്ളിൽ ഒളിഞ്ഞിരിക്കുന്ന വൻ അപകടം കർഷകരും പൊതുജനങ്ങളും മനസ്സിലാക്കരുതെന്ന ഉദ്ദേശത്തോടെയാണ് സർക്കാർ പാസാക്കിയ കാർഷികനിയമങ്ങൾ തികച്ചും കർഷക സൌഹൃദമാണെന്നു മൻ കി ബാത്തിലൂടെ ഇടക്കിടെ പ്രധാനമന്ത്രി ഓർപ്പിച്ചു കൊണ്ടിരിക്കുന്നത്.മണ്ണിൽ പണിയെടുക്കുന്ന കർഷകർ വിഡ്ഢികളാണെന്ന തോന്നലും,പറയുന്നതെല്ലാം തൊണ്ട തൊടാതെ അവർ വിഴുങ്ങിക്കൊളളും എന്ന മിഥ്യാധാരണകൾക്കു വിരുദ്ധമായാണ് കാര്യങ്ങൾ സംഭവിച്ചത്.കർഷകരും പൊതുജനങ്ങളും മോദിയുടെ പഞ്ചാര വാക്കുകൾക്ക് യാതൊരു വിലയും കല്പിക്കാതെ കാർഷിക നിയമങ്ങൾ ഇഴകീറി പരിശോധിച്ചു അപ്പോഴാണ് കർഷകരെ പ്രത്യക്ഷമായും പൊതുജനങ്ങളെ പരോക്ഷമായും ബാധിക്കുന്ന ധാരാളം വകുപ്പുകൾ ആ നിയമങ്ങളിൽ ഒളിച്ചിരിപ്പുണ്ടെന്ന വസ്തുത എല്ലാവർക്കും ബോധ്യമായത്.

ജനാധിപത്യ മൂല്യങ്ങൾ നെഞ്ചിലേറ്റിയിരുന്ന ജവഹർ ലാൽ നെഹ്രുവിനെ പോലെയുള്ള മുൻ ഇന്ത്യൻ ഭരണാധികാരികൾ ജനങ്ങളുടെ നികുതിപ്പണം കൊണ്ടു പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി കോർപ്പറേറ്റു ഭീമന്മാർക്കു വിറ്റു തുലച്ചുകൊണ്ടിരിക്കുന്ന മോദി സർക്കാർ കാർഷിക മേഖലയും അവർക്കു തീറെഴുതുകയില്ലെന്ന് ആർക്കു പറയാനാകും? തങ്ങളേയും തങ്ങളുടെ കഠിനാദ്ധ്വാനത്തിലൂടെ ഉല്പാദിച്ചെടുക്കുന്ന ഉല്പന്നങ്ങളേയും കർഷകർ എന്നുള്ളനിലയിൽ തങ്ങൾ നാളിതു വരെ അനുഭവിച്ചിരുന്ന എല്ലാ അവകാശങ്ങളും കാർഷിക നിയമത്തിലൂടെ കുത്തക മുതലാളിമാർക്കു തീറെഴുതിയിരിക്കുകയാണെന്ന തിരിച്ചറിഞ്ഞതിന്റെ ഫലമായാണ് ജീവൻ പോലും തൃണവൽക്കരിച്ചുകൊണ്ട് ഡൽഹിയിലെ കൊടും ശൈത്യത്തെ അവഗണിച്ചുകൊണ്ട് കാർഷിക നിയമങ്ങൾ പൂർണ്ണമായും പിൻവലിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിക്കൊണ്ടിരിക്കുന്ന ധീരോദാത്ത സമരം..





ഭരണഘടനാപരമായി കൃഷി സംസ്ഥാനങ്ങളുടെ ലിസ്റ്റിൽ വരുന്ന ഒന്നാണ്.ഭരണഘടനയേയും ഫെഡറൽ സംവിധാനത്തേയും കേന്ദ്രസർക്കാർ മാനിച്ചിരുന്നുവെങ്കിൽ കാർഷിക നിയമങ്ങൾ നിർമ്മിക്കുന്നതിനുമുമ്പ് സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ ആരായുമായിരുന്നു.എന്നാൽ അതുണ്ടായില്ല.ജനാധിപത്യഭരണം എന്ന വ്യാജേന മോദിസർക്കാർ സ്വേച്ഛാധിപത്യഭരണമാണ് നടത്തുന്നത്.അതുകൊണ്ടാണ് പാവപ്പെട്ട കർഷകർ സമരഭൂമിയിൽ ഒന്നൊന്നായി മരിച്ചു വീഴുമ്പോഴും നീറോ ചക്രവർത്തിയെപ്പോലെ നിസംഗത പാലിച്ച് കൊട്ടാരക്കെട്ടിൽ ഇരിക്കുന്നത്.മനുഷ്യത്വത്തിന് വില കല്പിക്കാതെ ലാഭം മാത്രം ലക്ഷ്യമിടുന്ന കുത്തക മുതലാളിമാർ ഈ നിയമമുപയോഗിച്ച് ജനങ്ങളുടെ രക്തം ഊറ്റിക്കുടിക്കാൻ എത്തുമെന്ന യാത്ഥാർത്യം തിരിച്ചറിഞ്ഞ് എല്ലാവരും സമരത്തോട് ഐക്യപ്പെടണം.

കോവിഡ് - 19
സാമൂഹിക ജീവിതത്തിൽ വരുത്തിയ മാറ്റം



ശിൽപ എസ്.
ക്ലാസ് 10, അക്ഷര ബാലവേദിയംഗം

2019-2020 വർഷത്തിൽ ലോക ചരിത്രത്തിൽ എഴുതപ്പെട്ട ഒരു മഹാമാരിയാണ് കോവിഡ്-19. ഇത് മനുഷ്യബന്ധങ്ങളെയും, സാമ്പത്തിക മേഖലയെയും, വിദ്യാഭ്യാസ രംഗത്തെയും സാരമായി ബാധിച്ചു. കോവിഡ് ലോകമാകെ പടർന്നതോടെ മനുഷ്യ ബന്ധങ്ങൾ പല തട്ടുകളിലേക്ക് വഴിമാറി. മനുഷ്യൻ ഏറെ പേടിച്ചതും, സ്വന്തം സുരക്ഷ കാത്തുസൂക്ഷിച്ചതും ഈ മഹാമാരി കാലത്താണ്.

കഴിഞ്ഞുപോയ 2020 വർഷം നാം ലോക്ക്ഡൌണിലായിരുന്നു. ഇന്ത്യയിലാദ്യമായി കൊറോണ റിപ്പോർട്ടു ചെയ്തത് കേരളത്തിലാണ്. എല്ലാവരും ഒരു പേടിസ്വപ്നം പോലെയാണ് കഴിച്ചുകൂട്ടിയിരുന്നത്. ഡോക്ടർമാരും സാമൂഹിക പ്രവർത്തകരും കേരളത്തിൽ നിന്നും കോവിഡ് എന്ന മഹാമാരിയെ അകറ്റാൻ മനുഷ്യരിൽ പേടിയെന്ന ചിന്തയിൽ നിന്ന് പ്രതിരോധം എന്ന ചിന്തയിലേക്ക് മാറി. വാക്സിൻ വന്നതോടെ പേടിയെന്ന ചിന്തയും മാറിതുടങ്ങി.

ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നു. സാമൂഹിക അകലം പാലിച്ച് ഒരു ബെഞ്ചിൽ രണ്ടുപേർക്ക് ഇരിക്കാം. സുരക്ഷാനിയമങ്ങൾ വന്നിട്ടുപ്പോലും ഇതൊന്നും പാലിക്കാത്ത ജനങ്ങളുമുണ്ട് ഈ സമൂഹത്തിൽ. അതുകൊണ്ട് നാം അവരെപ്പോലെ നടക്കാതെ നമ്മുടെയും , സമൂഹത്തിന്റെയും സുരക്ഷയെക്കരുതി സുരക്ഷാനിയമങ്ങൾ പാലിച്ചു വേണം നടക്കാൻ.അതിനാൽ നാം എല്ലാവരും ഒന്നിച്ച് കോവിഡ് എന്ന മഹാമാരിയെ കേരളത്തിൽ നിന്ന് തുരത്താം.

- 1.സാമൂഹിക അകലം പാലിക്കുക
- 2.മാസ്ക്ക് ധരിക്കുക
- 3. സാനിറ്റൈസ്സർ ഉപയോഗിക്കുക
- 4.ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുക
- 5.വ്യക്തി ശുചിത്വം പാലിക്കുക
- 6.അനാവശ്യ യാത്രകൾ ഒഴിവാക്കുക

നമുക്ക് ഒന്നിച്ച് നേരിടാം കൊറോണയെ !

നക്ഷത്രം ഹൃദയത്തോട് പറഞ്ഞത് ടെലിഫിലിം





അജയൻ കുറ്റിക്കാട്ട്
9447672457

ചിരിയോടെ സാന്താക്ലോസ് -

എന്താ എൽസാ തറിച്ചു നോക്കണേ... എൽസയ്ക്കെന്നെ മനസ്സിലായില്ലേ ?

എൽസ പരിഭ്രമം കൊണ്ട് മറുപടി പറയാതെ നിൽക്കുന്നു
സാന്താക്ലോസ് -

ഞാൻ എൽസ അനുകരിക്കണ സാന്താക്ലോസ് അപ്പൂപ്പനാണ്.

പരിഭ്രമം ഒഴിയാതെ
എൽസ -

എങ്ങിനെയാ.അപ്പുപ്പന് എന്റെ പേരറിയ്യാ...

മുഴങ്ങുന്ന പൊട്ടിച്ചിരിക്ക് ശേഷം സാന്താക്ലോസ്

നല്ല കഥയായി എൽസാ, സാന്താക്ലോസ് അപ്പൂപ്പന് അറിയാത്തതായി എന്താ ഉള്ളത് ഈ ലോകത്തിൽ.

സാന്താക്ലോസ് പറഞ്ഞത് മനസ്സിലാകാതെ നിന്നു
സാന്താക്ലോസ് -

ആട്ടെ... എന്താ എൽസാ സാന്താക്ലോസ് അപ്പൂപ്പന്റെ ചമയവും നൃത്തവും ഒക്കെ അനുകരിക്കാന്നുവെച്ചത്.

എൽസ

- അപ്പൂപ്പന്റെ ഡാൻസും, വേഷാം ഒക്കെ നല്ല രസാ...

സാന്താക്ലോസ് - **ഉവ്വോ.**

എൽസ **സർക്കസ്സിലെ കോമാളിക്ക് പോലും ഇത്ര രസമില്ല.**

പൊട്ടിച്ചിരിച്ച് സാന്താക്ലോസ് - **അപ്പോ സാന്താക്ലോസ് അപ്പൂപ്പൻ ഒരു കോമാളിയാണെന്നാ എൽസ ധരിച്ചിരിക്കുന്നേ..**

താനെന്തോ തെറ്റ് ചെയ്തതു പോലെ എൽസ മിണ്ടിയില്ല -

സാന്താക്ലോസ് **-** **ങാ... അത് എൽസയുടെ കുറ്റമല്ല... ആരുടെയും കുറ്റമല്ല. -- പുതിയ കാലത്തിലെ സാന്താക്ലോസ് കോമാളിയാണെന്നാ എല്ലാവരും ധരിച്ചിരിക്കുന്നേ.**

അടുത്ത് ചെന്ന് മുട്ടുകുത്തി നിന്ന് എൽസയുടെ തോളിൽ പിടിച്ച് അവളുടെ കുഞ്ഞി ക്കണ്ണിലേക്ക് നോക്കി

സാന്താക്ലോസ് **-** **എന്നാ സത്യം എന്താണെന്നറിയോ ? അറിയണംന്നുണ്ടോ എൽസയ്ക്ക്**

എൽസ വേണമെന്ന് തലയാട്ടി.

ചെറുചിരിയോടെ എഴുന്നേറ്റ് സാന്താക്ലോസ് എൽസയുടെ കൈപിടിച്ച് വാതിലിനു നേരെ നടക്കുന്നു

-Cut

സീൻ - 5.

സായാഹ്നം

ഇടനാഴി

ഇരുണ്ട, ചിലന്തി വലനിറഞ്ഞ ഇടനാഴി.
അതിലൂടെ ഭീതിയോടെ നിറഞ്ഞ മുഖവുമായി എൽസ അവളുടെ കൈയ്യും പിടിച്ചു നടക്കുന്ന സാന്താക്ലോസ് .

മുന്നോട്ട് നടക്കുന്ന അവരുടെ പിൻഭാഗ ദൃശ്യം അവർ ഒരു ഗോവണിയുടെ മുന്നിൽ ചെന്നുനിൽക്കുന്നു.

എൽസയ്ക്കൊപ്പം ഗോവണി കയറുന്ന സാന്താക്ലോസ് അതവസാനിക്കുന്നത് ഒരു കതകിന് മുന്നിലാണ് സാന്താക്ലോസ് വലത് കയ്യ് കതകിന് നേരെ വെറുതേ നീട്ടുന്നു. ഉടൻ കതക് സ്വയം തുറക്കപ്പെടുന്നു. അത്ഭുതത്തോടെ സാന്താക്ലോസിനെ നോക്കുന്ന എൽസ. കുസൃതിച്ചിരിയുമായി സാന്താക്ലോസ് തുറന്ന വാതിലിലൂടെ അകത്തെ കാഴ്ച. അകത്ത് നിറയെ മാറാല. ചുമരുകളോടെ ചേർന്ന് പഴയ പുസ്തകങ്ങൾ നിറഞ്ഞ അലമാര അവർ അകത്തുകയറി മാറാല പിടിച്ച അലമാരകൾ നോക്കി

എൽസ - ഇതെന്താ അപ്പൂപ്പാ..

സാന്താക്ലോസ് - എൽസയല്ലേ പറഞ്ഞത് സാന്താക്ലോസ് അപ്പൂപ്പന്റെ കഥയറിയണംന്ന്

സാന്താക്ലോസ് അലമാരയിൽ നിന്ന് ഒരു പുസ്തകമെടുക്കുന്നു അതു നിറയെ പൊടി. മായിച്ചു. കളയുന്ന സാന്താക്ലോസ് എൽസയുടെ മുഖത്ത് പൊടിപറന്നതിന്റെ അസ്വസ്ഥത സാന്താക്ലോസ് പുസ്തകം മേശപ്പുറത്ത് വച്ച് തുറക്കുന്നു.

സാന്താക്ലോസിന്റെ
രൂപസാദൃശ്യമുള്ള
ഒരു പ്രഭുവിന്റെ ചിത്രം

സാന്താക്ലോസ് - ഇതാണു എൽസ സാന്താക്ലോസ് അപ്പൂപ്പന്റെ അപ്പൂപ്പന്റെ
അപ്പൂപ്പന്റെയും അപ്പൂപ്പൻ ഇദ്ദേഹം ഒരു വലിയ പ്രഭുവായിരു ന്നു. ഈ പരമ്പരയിൽ എ.ഡി. 300-ൽ സാന്താക്ലോസ് എന്ന ഞാൻ ജനിച്ചു. എന്റെ പേർ നിക്കോളാസ് എന്നാണ് സാന്താ
ക്ലോസ് എന്നത് എനിക്ക് ഞാനറിയാതെ ആരൊക്കെയോ
നൽകിയ വിളിപ്പേരാണ്

എൽസയുടെ ആകാംക്ഷ -

സാന്താക്ലോസ് - അന്ന് ഇസ്രായേലിലെ ഏറ്റവും വലിയ ധനാഢ്യരിൽ ധനാഢ്യനായിരുന്നു ഈ അപ്പൂപ്പൻ പതിനായിരക്കണക്കിന് ആടുകൾ, നോക്കെത്താ ദൂരത്തോളം വിസ്തൃതിയുള്ള ചോള വയലുകൾ
അങ്ങനെ ഈ അപ്പൂപ്പന് ഇല്ലാത്തതായി ഒന്നുമുണ്ടായിരുന്നില്ല.

എൽസ - **പിന്നെങ്ങനെ അപ്പുപ്പൻ സാന്താക്ലോസായി**

സാന്താക്ലോസ് - - ധനാഢ്യനായിരുന്ന എന്റെ തലമുറയിലെ ആദ്യകണ്ണി. തിരുപ്പിറവി കാണുവാനോ കാഴ്ചദ്രവ്യങ്ങൾ നൽകുവാനോ പോകാതെ കൂടുതൽ, കൂടുതൽ സമ്പത്തിനുവേണ്ടി ആർത്തി പിടിച്ച് അലഞ്ഞു ഒടുവിൽ തിരുപ്പിറവിയുടെ മാഹാത്മ്യമറിഞ്ഞപ്പോൾ പശ്ചാത്താപവിവശരായി ഉള്ള സമ്പത്തുമുഴുവൻ വിറ്റ് ആ ധനം ഭാണ്ഡത്തിൽ നിറച്ച് ക്രിസ്തുവിന്റെ - മാഹാത്മ്യം പ്രചരിപ്പിച്ച്, അളവറ്റ ധനം ദരിദ്രർക്കും പീഡിതർക്കും ദാനമായി നൽകിദേശങ്ങളിൽ നിന്ന് ദേശങ്ങളിലേക്ക് സഞ്ചരിക്കുന്നു. ആ പരമ്പരയിൽ നിക്കോളാവാസ് എന്ന റേ പേരിൽ ജനിച്ച് സെന്റ് നിക്കോളാവാസായി നാടുനീളെ ക്രിസ്മസ് സന്ദേശം പ്രചരിപ്പിച്ച് ഞാനുമെന്റെ ദൗത്യം നിർവ്വ ഹിക്കുന്നു. ഇനി എൽസ തന്നെ അറിയു.

ദുഃഖം മറച്ച് ചിരിപരത്തി സാന്താക്ലോസ് - ഞാനാരായിരുന്നുവെന്ന് ഞാനെന്തായിരുന്നുവെന്ന്, എന്റെ കടമ എന്തായിരുന്നുവെന്ന്. ഒക്കെ ഈ പുസ്തകത്തിലുണ്ട് എന്റെ കഥ സെന്റ് നിക്കോളാവാസിന്റെ കഥ.

എൽസ പുസ്തകത്തിന്റെ ഒരു താൾ മെല്ലെ മറിക്കുന്നു പുതിയതാളിൽ ഒരാൾ വിലപിക്കുന്ന ചിത്രം. ചിത്രം താളിൽ നിന്ന് പറന്ന് സ്ക്രീനിൽ നിറയുന്നു. ചലിക്കുന്നു.

-Cut

തുടരും...



അഡ്വ.C.K.ഷാജി

ഗാർഹിക പീഡനവും നിയമസംരക്ഷണവും

ഇന്ത്യയിലെ വലിയൊരു വിഭാഗം സ്ത്രീകൾ പ്രതികൂല ജീവിത സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്.തൊഴിലില്ലായ്മ,വരുമാനക്കുറവ്,പട്ടിണി,പോഷകാഹാരക്കുറവ്,രോഗം,നിരക്ഷരത,വിദ്യാഭ്യാസക്കുറവ്,താമസ സൌകര്യമില്ലായ്മ,മലിനീകരണം,സാമൂഹികവിവേചനം,ജാതി തുടങ്ങി നിരവധി പ്രശ്നങ്ങളാണ് സ്ത്രീകൾ നേരിടുന്നത്.ഇതിനെല്ലാം പുറമെയാണ് കുടുംബങ്ങളിലുണ്ടാകുന്ന വിവേചനങ്ങളും അസമത്വങ്ങളും പീഢനങ്ങളും.ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം ആരോഗ്യം,തൊഴിൽ,വിദ്യാഭ്യാസം,സാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ അവരുടെ സ്ഥാനം ഉയർത്തണം മാത്രവുമല്ല അവരുടെ അവകാശങ്ങളെപ്പറ്റി അവബോധമുണ്ടാകണം,സാമൂഹികഅവകാശങ്ങൾ സംരക്ഷിക്കപ്പെടണം,നിയമസംവിധാനത്തെ പരമാവധി ഉപയോഗപ്പെടുത്തണം.അവകാശങ്ങളെക്കുറിച്ചും,പരിഹാരങ്ങളെക്കുറിച്ചുമുള്ള അറിവില്ലായ്മ എന്നും അതിന് തടസ്സമാണ്.നിയമത്തെ സാമൂഹിക മാറ്റത്തിനുള്ള ആയുധമാക്കി മാറ്റണം.ചൂഷണം,വിവേചനം,തൊഴിൽസ്ഥലങ്ങളിലെ പ്രശ്നങ്ങൾ,വീടിനകത്തും പുറത്തുമുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ പൊരുതാൻ നിയമത്തിന്റെ പിൻബലം അത്യാവശ്യമാണ്.നിയമസംരക്ഷണമില്ലാത്ത പ്രതിരോധപ്രവർത്തനങ്ങൾ ഗുണത്തേക്കാൾ ഏറെ ദോഷമായിരിക്കും.എന്നാൽ നിയമരംഗത്തെ പ്രവർത്തനങ്ങൾക്കൊണ്ടോ നിയമംകൊണ്ടോ മാത്രം സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കാനാവുകയില്ല.അതിന് ബോധവത്ക്കരണം അനിവാര്യമാണ്.

സ്ത്രീ സംരക്ഷണത്തിൽ സ്ത്രീയ്ക്കന്നതുപോലെ പുരുഷനും ഉത്തരവാദിത്ത്വമുള്ളതാണ്.സ്ത്രീ സംരക്ഷണത്തിനു നിയമത്തെപ്പോലെതന്നെ ധാർമ്മികതയ്ക്കും വലിയൊരു സ്ഥാനമുണ്ട്.ഓരോ വ്യക്തിക്കും ധാർമ്മികമായ ഉത്തരവാദിത്വം ഉണ്ടായിരിക്കണം.സ്ത്രീ സുരക്ഷ സാമൂഹിക ബാധ്യതയാണെങ്കിലും,നിയമപരിരക്ഷ ലഭിക്കാത്ത പൊതുസമൂഹത്തിൽ സ്ത്രീ ഒരിക്കലും സുരക്ഷിതയായിരിക്കില്ല.സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന പല നിയമങ്ങളും നമ്മുടെ രാജ്യത്തുണ്ട്.അതിലേറ്റവുംപ്രാധാന്യമേറിയത് നമ്മുടെ ഭരണഘടന ഉറപ്പു നല്കുന്ന മൌലീകാവകാശങ്ങളിൽ സ്ത്രീയ്ക്കും പുരുഷനും തുല്യമായ സ്ഥാനം നല്കുന്നു എന്നതാണ്.

നമ്മുടെ രാജ്യത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്നു.N.C.R.B(National Crime Records Bureau)പുറത്തുവിട്ട കണക്കുപ്രകാരം പ്രതിവർഷം 7%മോ അതിൽ കൂടുതലോ വർദ്ധനവാണുള്ളത്.സ്ത്രീകൾ പൊതുസമൂഹത്തിൽ അനുഭവിക്കുന്നതിനേക്കാൾ കൂടുതൽ പ്രതിസന്ധികളാണ് കുടുംബങ്ങളിൽ നിന്നു നേരിടുന്നത്.സ്ത്രീകൾ കുടുംബങ്ങളിൽനേരിടുന്ന അതിക്രമങ്ങളെ തടയുന്നതിനും,കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് '"ഗാർഹിക പീഢനത്തിൽ നിന്നുള്ള വനിതാ സംരക്ഷണ ആക്ട്-2005''ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ളത്.



17.10.2006ലെ ഔദ്യോഗിക ഗസറ്റ് വിജ്ഞാപന പ്രകാരം26 .10.2006 മുതൽ ഇന്ത്യയിൽ ഈ നിയമം പ്രാബല്യത്തിൽ വന്നു.ഈ നിയമത്തിനു മുൻപ് ഇന്ത്യൻ ശിക്ഷനിയമം(IPC)498(A)വകുപ്പു പ്രകാരമുള്ള നടപടികളും വിവാഹമോചന നടപടികളും മാത്രമായിരുന്നു ഒരു പരിഹാരമായി ഉണ്ടായിരുന്നത്.മാത്രവുമല്ല അടിയന്തിരമായ യാതൊരു പരിഹാര മാർഗ്ഗങ്ങളും പീഢനത്തിനിരയാകുന്ന സ്ത്രീകൾക്ക് ലഭിച്ചിരുന്നില്ല.അതിനാൽ തന്നെ അതിക്രമങ്ങൾ പരിധിയില്ലാതെ വർദ്ധിച്ചു വന്നിരുന്നതുമാണ്.പ്രതിദിനം നമ്മുടെ രാജ്യത്തു റിപ്പോർട്ടു ചെയ്യുന്ന കേസുകളുടെ എണ്ണത്തിലെ വർദ്ധനവിൽനിന്നും ഇപ്പോഴും ഇത്തരത്തിലുള്ള അതിക്രമങ്ങൾ നമ്മുടെ സമൂഹത്തിലും വീടുകളിലും നിലനിൽക്കുന്നു എന്നതിന് തെളിവാണ്.

ഗാർഹിക പീഡന നിരോധന നിയമത്തെ പറ്റിപറയുമ്പോൾ,എന്താണ് ഗാർഹിക ബന്ധം എന്നതും,എന്താണ് ഗാർഹിക പീഡനം എന്നതും നാമറിഞ്ഞിരിക്കേണ്ടതാണ്."രണ്ടു വ്യക്തികൾ എപ്പോഴെങ്കിലും ഒരു വീട്ടിൽ ഒന്നിച്ചു താമസിക്കുകയോ,താമസിച്ചിരിക്കുകയോ,അവർ തമ്മിലുള്ള ബന്ധം വിവാഹം വഴിയോ,അല്ലെങ്കിൽ വിവാഹം പോലുള്ള ബന്ധം വഴിയോ,രക്തബന്ധം വഴിയോ,ദത്തെടുക്കൽ വഴിയോ,ഒന്നിച്ചു താമസിക്കുന്നതോ,കൂട്ടുകുടുംബം വഴിയുള്ള ബന്ധത്തെയാണ് ഗാർഹിക ബന്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്".അതുപോലെതന്നെ,ഒരു സ്ത്രീയുമായി മുകളിൽ പറഞ്ഞതുപോലുള്ള ഗാർഹിക ബന്ധം ഉള്ളതോ ഉണ്ടായിരിക്കുന്നതോ ആയ പ്രായപൂർത്തിയായ പുരുഷനിൽ നിന്നോ അയാളുടെ ബന്ധുക്കളിൽ നിന്നോ ശാരീരികവും,സാമ്പത്തികവും,ലൈംഗികവും,വൈകാരികവും,വാക്കാൽലുണ്ടാകുന്ന പീഡനങ്ങളെയാണ് 'ഗാർഹിക പീഡനം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്



വനിതകളും കുട്ടികളുമാണ് ഈ നിയമത്തിന്റെ ഗുണഭോക്താക്കൾ ഗാർഹിക പീഡനത്തിനിരയായ സ്ത്രീ അവിവാഹിതയാണെങ്കിലും ഒന്നിച്ചു താമസിച്ചാൽ ഈ നിയമത്തിന്റെ സംരക്ഷണം ലഭിക്കുന്നതാണ്.മനോവിഷമപ്പെടുത്തുന്ന തരത്തിലുള്ള കളിയാക്കലും,തരംതാഴ്ത്തിക്കാണിക്കുന്നതും,ചീത്തവിളിക്കുന്നതും,അപമാനിക്കുന്നതും,ഭീഷണിപ്പെടുത്തുന്നതും,ഭാര്യയുടെ ധനവും സ്വർണ്ണാഭരണങ്ങൾ വിൽക്കുന്നതും നശിപ്പിക്കുന്നതുമൊക്കെ ഈ നിയമത്തിന്റെ പരിധിയിൽപ്പെടും

ഗാർഹിക പീഡനം സംബന്ധിച്ച പരാതികൾ മജിസ്ട്രേറ്റു കോടതി മുമ്പാകെയാണ് ബോധിപ്പിക്കേണ്ടത്.ഗാർഹിക പീഡിതയ്ക്കോ,ടിയാൾക്കുവേണ്ടി മറ്റാർക്കെങ്കിലുമോ പരാതി നല്കാവുന്നതാണ്.ഇത്തരത്തിലുള്ള അപേക്ഷകളിൽ 60 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.ഈ നിയമത്തിൽ സ്ത്രീകൾക്ക് എല്ലാവിധത്തിലുള്ള സംരക്ഷണവും ഉറപ്പാക്കിയിട്ടുണ്ട്.



ഗാർഹിക പീഡനം നടന്നതായി കോടതിയ്ക്ക് ബോധ്യപ്പെട്ടാൽ ഗാർഹിക പീഡനത്തിൽ നിന്നും,അതിനായി പ്രേരിപ്പിക്കുകയോ,സഹായിക്കുകയോ,ചെയ്യുന്നതിൽ നിന്നും,ഗാർഹിക പീഡിത ജോലിചെയ്യുന്ന സ്ഥലത്തോ,താമസ സ്ഥലത്തോ പ്രവേശിപ്പിക്കുന്നതിൽനിന്നും നേരിട്ടോ അല്ലാതെയോ സംസാരിക്കുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കിയും ബാങ്ക് അക്കൌണ്ടുകൾ,ലോക്കറുകൾ,ജോയിന്റ് അക്കൌണ്ടുകളാണെങ്കിൽ പോലും ഒറ്റയ്ക്കും കൂട്ടുടമസ്ഥതയിലുള്ള സ്വത്തുക്കൾ ഉൾപ്പെടെയുള്ളവ കോടതി അനുവാദമില്ലാതെ ഉപയോഗിക്കുന്നതിൽ നിന്നും കൈമാറ്റം ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞും സംരക്ഷണ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

ഗാർഹിക ബന്ധത്തിൽ പങ്കിട്ടുകഴിയുന്ന വീട്ടിൽ തുടർന്നും കഴിയുന്നതിന് ഗാർഹിക പീഡിതയ്ക്ക് അവകാശമുണ്ട്.ടി വീട്ടിൽ അവകാശമോ,അധികാരമോ,അനുഭവ താല്പര്യമോ ഇല്ലെങ്കിൽ പോലും അവിടെ താമസിക്കുന്നതിന് നിയമസംരക്ഷണമുണ്ട്.ഇത്തരത്തിലുള്ള വീട്ടിൽ നിന്നും നിയമ പ്രകാരമല്ലാതെ ഗാർഹിക പീഡിതയെ ഒഴിപ്പിക്കുന്നതിന് എതിർ കക്ഷിക്ക് സാധിക്കുകയില്ല.ഗാർഹിക പീഡനം നടന്നതായി കോടതിയ്ക്കു ബോധ്യപ്പെട്ടാൽ റെസിഡൻസ് ഉത്തരുവുകൾ വഴി സംരക്ഷണം നല്കുന്നതാണ്.



ഒന്നിച്ചു കഴിഞ്ഞ വീട്ടിൽ എതിർകക്ഷിക്ക് നിയമപരമായ അവകാശമുണ്ടെങ്കിലും ഗാർഹിക പീഡിതയെ ശല്യപ്പെടുത്തുന്നതിൽ നിന്നും ഒഴിപ്പിക്കുന്നതിൽ നിന്നും എതിർകക്ഷിയെ തടയാവുന്നതാണ്.മാത്രവുമല്ല ഗാർഹിക പീഡനം തുടരുന്നപക്ഷം,ടി വീട് സ്വയം ഒഴിയുന്നതിനോ,ടി വീട്ടിൽ പ്രവേശിക്കുന്നതിൽ നിന്നും എതിർകക്ഷിയേയും ടി യാളുടെ ബന്ധുക്കളേയും തടയുന്നതിന് കോടതിയ്ക്ക് നിർദ്ദേശിക്കാം.



മേൽപ്പറഞ്ഞ സാഹചര്യങ്ങളില്ലെങ്കിൽ ഗാർഹിക പീഡിത എതിർകക്ഷിയ്ക്കൊപ്പം കഴിഞ്ഞ അതേ നിലവാരത്തിലുള്ള പകരം താമസ സൌകര്യം അല്ലെങ്കിൽ എതിർകക്ഷി വസിക്കുന്നതിന് തുല്ല്യമായ താമസസൌകര്യം ഉറപ്പുവരുത്താനോ,അല്ലെങ്കിൽ അതിന്റെ വാടക നല്കുന്നതിനോ എതിർകക്ഷിയ്ക്ക് നിർദ്ദേശം നല്കുന്നതിന് കോടതിയ്ക്ക് കഴിയുന്നതാണ്.മാത്രവുമല്ല,പരാതിക്കാരിയുടെയും കുട്ടികളുടെയും സുരക്ഷിതത്ത്വതിന് ഉചിതമായ നിർദ്ദേശങ്ങൾ നല്കുന്നതിനും കോടതിയ്ക്കു കഴിയും.മാത്രവുമല്ല ബന്ധപ്പെട്ട പോലീസ് അധികാരികളോട് സംരക്ഷണ ഉത്തരുവുകൾ ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നല്കാവുന്നതുമാണ്.



ഗാർഹിക പീഡന പരാതികളിൽ മതിയായ സാമ്പത്തിക പരിഹാരങ്ങൾ നല്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.ഗാർഹിക പീഡതയ്ക്കുണ്ടായ നഷ്ടം ചികിത്സാ ചെലവുകൾ,വരുമാന നഷ്ടം ഇവയൊക്കെ പരിഹരിച്ചു നൽകുന്നതിന് എതിർകക്ഷിയോട് നിർദ്ദേശിക്കാവുന്നതും,സംരക്ഷണ ചെലവുനല്കാവുന്നതുമാണ്.കേസിന്റെറ സാഹചര്യങ്ങൾക്കനുസരിച്ച് പ്രതിമാസ സംരക്ഷണ ചെലവിനുള്ള തുക മാസതവണകൾ ആയോ,ഒറ്റത്തുകയായോ നല്കുന്നതിന് ടി ആക്ട് വ്യവസ്ഥ ചെയ്യുന്നു.

ഗാർഹിക പീഢനം സംബന്ധിച്ച പരാതിയുടെ വിചാരണ നടപടികൾക്കിടയിൽ കുട്ടികളുടെ താല്ക്കാലിക സംരക്ഷണ ഉത്തരവ് ഗാർഹിക പീഡിതയ്ക്കോ അല്ലെങ്കിൽ ടിയാളെ പ്രതിനിധീകരിച്ച് പരാതി നല്കിയ ആൾക്കോ നല്കാവുന്നതും,ആവിശ്യമെങ്കിൽ എതിർകക്ഷിയ്ക്ക് കുട്ടികളെ കാണുന്നതിനുള്ള അപേക്ഷയും കോടതിയ്ക്ക് പരിഗണിക്കാവുന്നതും തീരുമാനിക്കാവുന്നതുമാണ്.ഇപ്രകാരം എതിർകക്ഷി കുട്ടികളെ കാണുന്നത് കുട്ടികളുടെ താല്പര്യങ്ങൾക്കും സുരക്ഷിതത്ത്വത്തിനും സംരക്ഷണത്തിനും ദോഷകരമാണെങ്കിൽ അപേക്ഷ അനുവദിക്കാവുന്നതല്ലായിരിക്കും.





ഈ നിയമ പ്രകാരം ഗാർഹിക പീഡിതയ്ക്ക് പീഢനം മൂലമുണ്ടായ മാനസികവും,ശാരീരിക ഉപദ്രവങ്ങൾക്കും കൂടാതെ തെളിവാകുന്ന മറ്റു പീഢനങ്ങൾക്കും നഷ്ടവും, നഷ്ടപരിഹാരവും എതിർകക്ഷിയിൽ നിന്നും നിർദേശിച്ച് ഉത്തരവാകാവുന്നതാണ്.ആവശ്യമെന്നു തോന്നുന്ന പക്ഷം,പരാതി സത്യമെന്നു ബോധ്യപ്പെട്ടാൽ എതിർകക്ഷിയെ കേൾക്കാതെ തന്നെ മേൽപറഞ്ഞ ഏതുത്തരവും എതിർകക്ഷിക്കെതിരെ പുറപ്പെടുവിക്കാവുന്നതുമാണ്.ഇപ്രകാരമുള്ള ഉത്തരവുകളുടെ പകർപ്പുകൾ സൌജന്യമായി ലഭിക്കുന്നതുമാണ്.



ടി നിയമപ്രകാരം കോടതി പുറപ്പെടുവിക്കുന്ന സംരക്ഷണ ഉത്തരുവുകൾ ലംഘിച്ചാൽ അതൊരു കുറ്റകൃത്യമായി പരിഗണിക്കുന്നതും,ഒരു വർഷം വരെ കഠിന തടവോ,സാധാരണ തടവോ ശിക്ഷ നല്കാവുന്നതുമാണ്.മാത്രവുമല്ല 20000രൂപാവരെ പിഴയോ രണ്ടും കൂടിയോ നല്കാവുന്നതാണ്.



ഈ ആക്ടിന്റെ ഉദ്ദേശ്യവും അതു നല്കുന്ന വിപുലമായ സംരക്ഷണവും ഓരോ സ്ത്രീയും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്. സ്ത്രീകളുടെ നാനാവിധത്തിലുള്ള അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്ന സദുദ്ദേശത്തോടുകൂടിയുള്ള ടി ആക്ട്. സ്വന്തതാല്പര്യ സംരക്ഷണത്തിനും പകപോക്കലിനുമായി ആരെങ്കിലും ഉപയോഗിച്ചാൽ നഷ്ടപ്പെടുന്നത് നിയമത്തിന്റെ പ്രസക്തി മാത്രമല്ല, മറിച്ച് സ്ത്രീകളുടെ സുരക്ഷയെന്ന രാജ്യത്തിന്റെ സ്വപ്നം കൂടിയായിരിക്കും.





വിജ്ഞാന ലോകം

ഏറ്റവും നീളം കൂടിയ കനാൽ?
ഇന്ദിരാഗാന്ധി കനാൽ
ഏറ്റവും നീളം കൂടിയ നദി?
ഗംഗ
ഏറ്റവും നീളം കൂടിയ ഹിമാനി?
സിയാച്ചിൻ ഗ്ലേസിയർ
ഏറ്റവും ഉയരത്തിലുള്ള വിമാനത്താവളം?
ലേ എയർപോർട്ട് ലഡാക്ക്
ഏറ്റവും ഉയരം കൂടിയ വെള്ളയാട്ടം?
ജോഗ് (ജെർസപ്പോ) ശരാവതി നദി
ഏറ്റവും ഉയരം കൂടിയ കവാടം?
ബുലന്ദർവാസ; ഫത്തേപ്പൂർ സിക്രി
ഏറ്റവും ഉയരം കൂടിയ സ്മാരകം?
താജ്മഹൽ
ഏറ്റവും ഉയരം കൂടിയ അണക്കെട്ട്?
തെഹ്രി; ഉത്തരാഖണ്ഡ്
ഏറ്റവും ഉയരം കൂടിയ കമാന അണക്കെട്?
ഇടുക്കി
ഏറ്റവും ഉയരം കൂടിയ കൊടുമുടി?
മൗണ്ട് **K2; (**ഗോഡ് വിൻ ഓസ്റ്റിൻ**)**

അക്ഷര വാർത്തകൾ



അക്ഷര പബ്ലിക് ലൈബ്രറി 8 മത് വാർഷികം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സാണ്ടർ പ്രാക്കുഴി ഉദ്ഘാടനം നിർവ്വഹിക്കുന്നു.



അക്ഷര യുവജനവേദി 5 മത് വാർഷിക സമ്മേളനത്തിൽ തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ



അക്ഷര യുവജനവേദി 5 മത് വാർഷിക സമ്മേളനം അക്ഷര ലൈബ്രറി പ്രസിഡണ്ട് ശ്രീ. പി. എസ്. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.







അക്ഷരയ്ക്ക് ഒരു ഇരിപ്പിടം



കഴിഞ്ഞ 8 വർഷക്കാലമായി കണിച്ചുകുളം പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന അക്ഷരലൈബ്രറിയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. ഇത്രയും കാലമായി വാടക കെട്ടിടത്തിലാണ് ലൈബ്രറി പ്രവർത്തിച്ചു വരുന്നത് .സ്വന്തമായി സ്ഥലവും കെട്ടിടവും എന്ന ലക്ഷ്യം പൂർത്തികരിക്കുവാൻ ഉദാരമായ ' സംഭാവനകൾ നല്കി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അക്ഷര ലൈബ്രറി കമ്മറ്റി.

State Bank India

Branch Mammood

Account Holder Name

Akshara Public Library Kanichukulam

Account No: 67316041760

IFSC Code: SBIN0070284

FASTRAGO GROUP INTERNATIONAL

Graphic Design Development Services & Digital Marketing | Magazine Development | E-book Publishing Activities